For Private Circulation Only

August 2025

ആഗമനാരുണൻ

HOLY BIBLE

Vol.72

" നിങ്ങൾ എന്നെ അന്വേഷിക്കും. പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും " (യിരെ. 29:13)

No.8

പ്രാർത്ഥനയിൽ ആത്മാർത്ഥത

By R.A.Torrey

ആത്മാർത്ഥമായ പ്രാർത്ഥനയെ ദൈവം ശ്രദ്ധിക്കുന്നു, അതിനു ദൈവം ഉത്തരം നൽകുന്നു. ഈ ചിന്ത വേദപുസ്കത്തിൽ ആവർത്തിച്ച് ആവർത്തിച്ച് കാണാം. പഴയ നിയമത്തിൽ ഇത് കാണുന്നു, യിരെമ്യാവ് 29:13-ൽ "നിങ്ങൾ എന്നെ അന്വേഷിക്കും, പൂർണ്ണ ഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും". എന്തുകൊണ്ടാണ് നമ്മുടെ അനവധിയാകുന്ന പ്രാർത്ഥനകൾക്ക് മറുപടിയില്ലാതെ പോകുന്നത് എന്ന് ഇവിടെ നാം കാണുകയാണ്. പൂർണ്ണ ഹൃദയത്തോടെ നാം ചോദിക്കുന്നില്ല, ചോദിക്കുന്ന കാര്യങ്ങളെക്കുറിച്ച് നമുക്ക് അതിയായ ആഗ്രഹമില്ല, ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കേണം എന്നുള്ളതിനെക്കുറിച്ച് ശരിയായ ഒരു ലക്ഷ്യം നമുക്കില്ല.

നിങ്ങൾക്ക് എല്ലാവർക്കും വേണ്ടി ഇന്ന് ഞാൻ പ്രാർത്ഥിച്ചതെന്താണ് എന്ന് ചിന്തിക്കുക. സംശയമില്ല. ഏകദേശം ഓരോരുത്തർക്കും വേണ്ടി നിങ്ങൾ ഇങ്ങനെ മറുപടി പറയും, "അതെ ഞാൻ പ്രാർത്ഥിച്ചു". എന്നിട്ട് നിങ്ങൾ വീണ്ടും ചോദിക്കും, "ഇന്ന് രാവിലെ നിങ്ങൾ എന്തിന് വേണ്ടിയാണ് പ്രാർത്ഥിച്ചത് "? ഞാൻ ഭയപ്പെടുന്നു, അനേകർ ഭയപ്പെടുന്നു, അല്ലെങ്കിൽ ആലോചിച്ചു പറയാം എന്ന് പറയുന്നു, "യഥാർത്ഥത്തിൽ, ഇന്ന് രാവിലെ ഞാൻ പ്രാർത്ഥിച്ചതെന്താണെന്ന് ഞാൻ മറന്നുപോയി ". അപ്പോൾ, ദൈവവും മറുപടി നൽകുവാൻ മറന്നുപോകും.

എന്നാൽ, ഇന്ന് രാവിലെ നിങ്ങൾ പ്രാർത്ഥിച്ചത് എന്തെന്ന് നിങ്ങളോട് ചോദിച്ചാൽ, അതെ, അപ്പോൾ ഞാൻ നിങ്ങളോട് എന്താണ് നിങ്ങൾ പ്രാർത്ഥിച്ചത് എന്ന് ചോദിച്ചാൽ, നിങ്ങൾക്ക് പറയാൻ കഴിയും, വീണ്ടും അതേ കാര്യത്തിനു വേണ്ടിയാണ് ചോദിച്ചതെന്ന് ആവർത്തിച്ചു പറയും. ഓരോ രാത്രിയിലും ഓരോ പ്രഭാതത്തിലും ഒരു ചെറിയ പ്രാർത്ഥന യാന്ത്രികമായി പ്രാർത്ഥിക്കും. നിങ്ങൾ മുഴങ്കാലിൽ നിന്നു, ഒരു ചെറിയ പ്രാർത്ഥന യാന്ത്രികമായി പ്രാർത്ഥിക്കും, ചുരുക്കമായി ചിന്തിക്കുന്നു എന്താണ് നിങ്ങൾ പ്രാർത്ഥിക്കുന്നത്, നിങ്ങൾ അറിയുന്നില്ല എന്താണ് നിങ്ങൾ പ്രാർത്ഥിക്കുന്നത്, എന്ന്, എന്നാൽ അനേക കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചുകൊണ്ട് വീണ്ടും വീണ്ടും ആവർത്തിച്ച് പ്രാർത്ഥിക്കുന്നു. അപ്രകാരമുള്ള പ്രാർത്ഥന, ദൈവത്തിന്റെ നാമം വ്യർത്ഥമായെടുക്കുന്ന പ്രാർത്ഥനയാണ്.

എന്നാൽ നിങ്ങളിൽ ചിലർക്കു വേണ്ടി ഞാൻ പ്രാർത്ഥിക്കുമ്പോൾ, രാവിലെ നിങ്ങൾ പ്രാർത്ഥിച്ച വിഷയം നിങ്ങൾക്ക് ഓർമ്മയുണ്ടെങ്കിൽ നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ പ്രവർത്തിച്ച് ആഴമായ, ഹൃദയസ്പർശിയായ ഭാരം നിങ്ങളിൽ പകർന്നിട്ട് അത് നിങ്ങൾക്ക് കിട്ടും. അതെ ദൈവം നിങ്ങളുടെ പ്രാർത്ഥന കേൾക്കും നിങ്ങൾ ചോദിക്കുന്നത് നിങ്ങൾക്ക് നൽകപ്പെടും.

നാം ശക്തിയോടെ പ്രാർത്ഥിക്കുമെങ്കിൽ, ശ്രദ്ധയോടും വിശ്വസ്തയോടും പ്രാർത്ഥിക്കുമെങ്കിൽ, ആത്മാവിന്റെ പൂർണ്ണതയിൽ നാം പ്രാർത്ഥിക്കേണ്ടതാണ്. ഈ ചിന്ത ആവർത്തിച്ച് ആവർത്തിച്ച് വേദപുസ്തകത്തിൽ കാണാം. ഉദാഹരണമായി റോമ. 15:31, "ഇങ്ങനെ ഞാൻ ദൈവേഷ്ടത്താൽ സന്തോഷത്തോടെ നിങ്ങളുടെ അടുക്കൽ വന്നു നിങ്ങളുടെ മനം തണുക്കേണ്ടതിന് നിങ്ങൾ എനിക്കുവേണ്ടി ദൈവത്തോടുള്ള പ്രാർത്ഥനയിൽ എന്നോട് കൂടെ പോരാടേണം".

"ഒരുമിച്ചു പോരാടേണം" ഗ്രീക്കിൽ സുനാഗോണിസോ എന്ന് കാണുന്നു. ആഗണിസോ എന്നാൽ മത്സരിക്കുക അല്ലെങ്കിൽ പോരാടുക അല്ലെങ്കിൽ മല്ലു പിടിക്കുക അല്ലെങ്കിൽ യുദ്ധം ചെയ്യുക എന്നൊക്കെയാണർത്ഥം. ഈ വാക്യം നന്നായി ഇവിടെ തർജ്ജമ ചെയ്തിട്ടുണ്ട്, "എന്നാൽ സഹോദരന്മാരേ, കർത്താവായ യേശുക്രിസ്തുവിനു വേണ്ടി, ആത്മാവിന്റെ സ്നേഹത്തിൽ നിങ്ങൾ എന്നോടുകൂടെ പോരാടേണം".

നരകത്തോട് പോരാടുന്നതിൽ

മല്ലുപിടിക്കുക, പ്രാർത്ഥനയിൽ പോരാടുക, എന്ന ചിന്ത, ദൈവത്തോട് നാം പോരാടുക എന്ന അർത്ഥത്തിലല്ല, പിന്നെയോ ദൈവത്തെ നമ്മുടെ പ്രാർത്ഥനയ്ക്കു മറുപടി നൽകുവാൻ ഇഷ്ടമുള്ളവനാക്കിത്തീർക്കുക എന്നാണ്. ജഡരക്തങ്ങളോടല്ല നമ്മുടെ പോരാട്ടം, "വാഴ്ചകളോടും, അധികാരങ്ങളോടും, ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മ സേനയോടും അത്രേ " (എഫെ. 6:1). പിശാചിനോടും അവന്റെ സകല ശക്തിയോടും, നാം പ്രാർത്ഥനയിൽ പോരാടുമ്പോൾ ശത്രുവിന് പ്രവർത്തിപ്പാൻ ഇടം ഉണ്ടാകയില്ല. ചില സമയം നാം പ്രാർത്ഥിക്കുമ്പോൾ ശത്രു നമ്മെ മുക്കിക്കളയുന്നതുപോലെ തോന്നും. എന്താണ് നാം ചെയ്യേണ്ടത്? ഉപേക്ഷിക്കയോ? അല്ല! ആയിരം പ്രാവശ്യം അല്ല! മുഴങ്കാലിൽ നിന്നു പോരാടുക, ദൈവത്തോട് മല്ലു പിടിക്കുക, ജയം നേടുക.

ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നാം പോരാടി പ്രാർത്ഥിക്കുമ്പോൾ ദൈവം നമുക്ക് വിജയം തരും. ഒരുമിച്ചു പോരാടുക എന്നതിന്റെ മൂലപദം ആഗോൻ എന്നാണ്, അതിൽ നിന്നും ആണ് ആഗണി എന്ന പദം ഉണ്ടായത്. ലൂക്കൊ. 22:44-ൽ ആഗണി എന്ന വാക്കു

(ശേഷം 2-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥനയിൽ ആത്മാർത്ഥത

കാണാം. "പിന്നെ അവൻ പ്രാണവേദനയിലായി അശിശ്രദ്ധയോടെ പ്രാർത്ഥിച്ചു; അവന്റെ വിയർപ്പ് നിലത്തു വീഴുന്ന വലിയ രക്തതുള്ളി പോലെയായി". അതെ, നാം അതിശ്രദ്ധയോടെ പ്രാർത്ഥിക്കേണ്ടതാണ്.

ത്യാഗപരമായി വേല ചെയ്യുന്നു.

കൊലൊസ്യ ലേഖനത്തിലേക്ക് ശ്രദ്ധ തിരിച്ചാൽ, 4:12,13 അതേ ചിന്ത ഇവിടെ കാണാം, മറ്റൊരു വിധത്തിൽ പറഞ്ഞിരിക്കുന്നു, " നിങ്ങളിൽ ഒരുത്തനായി യേശുക്രിസ്തുവിന്റെ ദാസനായ എപ്പഫ്രാസ് നിങ്ങളെ വന്ദനം ചെയ്യുന്നു, നിങ്ങൾ തികഞ്ഞവരും ദൈവഹിതം സംബന്ധിച്ചൊക്കെയും പൂർണ്ണനിശ്ചയമുള്ളവരുമായി നില്ക്കേണ്ടതിന് ഞാൻ പ്രാർത്ഥനയിൽ നിങ്ങൾക്കു വേണ്ടി എപ്പോഴും പോരാടുന്നു. നിങ്ങൾക്കും ലവുദിക്യക്കാർക്കും ഹിയരപ്പൊലിക്കാർക്കും വേണ്ടി അവൻ വളരെ പ്രയാസപ്പെടുന്നു എന്നുള്ളതിന് ഞാൻ സാക്ഷി".

പ്രാർത്ഥനയിൽ വളരെ പോരാടുന്നു എന്നതിന്റെ അർത്ഥം നിങ്ങൾക്കറിയാമോ, വേദനയോടെ വേല ചെയ്യുന്നു, കഠിനമായി പ്രാർത്ഥിക്കുന്നു എന്നതിന്റെ അർത്ഥവും നിങ്ങൾക്കറിയാമോ? എത്ര നിസാരമായിട്ടാണ് നമ്മിൽ പലരും പ്രാർത്ഥനയെ കാണുന്നത്, വളരെ ചെറിയ ഹൃദയവുമായി, നാം അതിനെ സമീപിക്കുന്നു, നമ്മിൽ പലർക്കും അത് എത്ര നിസാരമായ കാര്യമാണ്. എത്ര ചെറുതായിട്ടാണ് നാം ദൈവത്തെ കാണുന്നത്.

ശക്തരായ ദൈവത്തിന്റെ മനുഷ്യരെ, നൂറ്റാണ്ടുകളായി പ്രാർത്ഥനയിൽ വൻ കാര്യങ്ങൾ ചെയ്യുന്ന മനുഷ്യർ എത്ര വേദനജനകമായ അനുഭവത്തിലാണ് ത്യാഗപരമായി പ്രാർത്ഥിക്കുന്നത്. ഉദാഹരണമായി ഡേവിഡ് ബ്രയിനാർഡിനെയെടുക്കാം, ശാരീരികമായി വളരെ ബലഹീനർ എങ്കിലും ആത്മാവിൽ ശക്തനായ മനുഷ്യൻ. വടക്കേ അമേരിക്കയിലെ ഇന്ത്യക്കാരുടെയിടയിൽ, പഴയ കാലങ്ങളിൽ പെൻസിൽവാനിയ പ്രവർത്തിച്ചു വരികയായിരുന്നു. മഞ്ഞുള്ള രാത്രിയിൽ വനത്തിൽ പോയി മഞ്ഞിൽ മുട്ടുകുത്തി മണിക്കൂറുകൾ ചെലവഴിച്ചു. ദൈവം ഡേവിഡ് ബ്രയ്നാർഡിന്റെ പ്രാർത്ഥനകേട്ടു വലിയൊരു ഉണർവ്വ് അയച്ചു, അമേരിക്കൻ ഇന്ത്യക്കാരുടെയിടയിൽ മുമ്പെങ്ങും കേട്ടിട്ടില്ലാത്തതും സ്വപ്നം കാണുവാൻ പോലും കഴിയാത്ത പ്രവർത്തികളെ ദൈവം അയയ്ക്കുവാൻ ഇടയായി.

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

2025 ജൂലൈ മാസം നമ്മെ വിട്ട് കടന്നു പോയി ഓഗസ്റ്റ് മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

" എന്നാൽ പ്രിയമുള്ളവരേ, കർത്താവിന് ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത്. ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്ന് ആകാശം കൊടുമുഴക്കത്തോടെ ഒഴിഞ്ഞുപോകും. മൂല പദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും " (2 പത്രൊ. 3:8 10).

ഭയപ്പെടേണ്ട നാം എല്ലാവരും പിതാവിന്റെ കൈകളിലാണ്. ഒരു നല്ല സമയം നിങ്ങൾക്ക് വരുന്നുണ്ട്. അവിടുന്ന് അനുഗ്രഹിക്കും. ദൈവത്തിന്റെ പ്രവൃത്തി നിങ്ങൾക്കു വേണ്ടിയുണ്ട്. നിങ്ങൾ സ്നേഹവാനായ പിതാവിന്റെ കൈകളിലത്രേ. അതുകൊണ്ട് ദൈവത്തിൽ ആശ്രയിച്ച് മുന്നോട്ടു പോക. എന്നിട്ട് പറയുക. ഞാൻ ജീവിക്കുന്നത് അവിടുത്തേയ്ക്കു വേണ്ടിയാണ്. അവിടുത്തെ ഇഷ്ടം ചെയ്യുവാൻ വേണ്ടി മാത്രം.

ദൈവമുഖം തേടുവാനും അവിടുത്തെ ശബ്ദം കേൾപ്പാനും അവിടുത്തെ ഇഷ്ടത്തിന് നമ്മെ സമർപ്പിക്കുകയും ചെയ്യുക. അനുതാപത്തോടും ഏറ്റുപറച്ചിലോടും കൂടെ അടുത്തു വരിക. കർത്താവ് അതിനായി നമ്മെ സഹായിക്കട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ഞങ്ങൾ നിങ്ങളിൽ നിന്നും കേൾക്കുവാനാഗ്രഹിക്കുന്നു.

നിങ്ങളുടെ പ്രതികരണങ്ങൾക്കായി ഞങ്ങൾ കാത്തിരിക്കുന്നു, നിങ്ങളിൽ നിന്നും കേൾക്കാം എന്ന് പ്രത്യാശിക്കുന്നു. കത്തുകളിലൂടെയോ ഈമെയിലിലൂടെയോ, ഫോൺ കോളിലൂടെയോ നിങ്ങളുടെ പ്രതികരണങ്ങൾ അറിയിക്കുക. അവസരമുണ്ടെങ്കിൽ, ഞങ്ങളുമായി ബന്ധപ്പെടുവാനപേക്ഷിക്കുന്നു.

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ഒൗ്യ: **9446590913, 9809882926**

കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

(2-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥനയിൽ ആത്മാർത്ഥത

എങ്ങനെ പ്രാർത്ഥനയിൽ ജാഗ്രതയായിരിക്കാം.

ഒരു പ്രായോഗിക ചോദ്യം ഈ അവസരത്തിൽ ഉയർന്നു വരാം. എങ്ങനെ പ്രാർത്ഥനയിലുള്ള ഈ ജാഗ്രത ഉണ്ടാക്കിയെടുക്കാം? വേദപുസ്തകം ഈ ചോദ്യങ്ങൾക്ക് വ്യക്തവും ലളിതവുമായ മറുപടി നൽകുന്നു. രണ്ടു വഴികളിൽ ജഗ്രത കാണിക്കാം, നല്ല വഴിയിലും, ആകാത്ത വഴിയിലും. നല്ലതല്ലാത്ത വഴി എന്നത് ജഡത്തിന്റെ പ്രവൃത്തിയിലുള്ള പ്രാർത്ഥനയാണ്.

എന്നാൽ പ്രാർത്ഥനയ്ക്ക് ഒരു നല്ല വഴിയുണ്ട് യാഥാർത്ഥ വഴി, ഹൃദയം നിയന്ത്രിക്കുന്ന വഴി, ദൈവം നൽകുന്ന ജാഗ്രതയോടുള്ള പ്രാർത്ഥന. വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നവഴി. റോമ. 8:26,27 വായിക്കുമ്പോൾ, “ അവ്വണ്ണം തന്നെ ആത്മാവു നമ്മുടെ ബലഹീനതയ്ക്കു തുണ നില്ക്കുന്നു. വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നാം അറിയുന്നില്ലല്ലോ; ആത്മാവു തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. എന്നാൽ ആത്മാവ് വിശുദ്ധന്മാർക്കു വേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ട് ആത്മാവിന്റെ ചിന്ത ഇന്നതെന്ന് ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു ”.

അതാണ് ശരിയായ വഴി ആത്മാവിങ്കലേക്ക് നോക്കി ജാഗ്രതയുണ്ടാക്കുന്നു. പ്രാർത്ഥനയിൽ ദൈവം തരുന്ന ജാഗ്രത മനുഷ്യർ ഉണ്ടാക്കുന്നതുപോലെയല്ല. ഇത് പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടാക്കുന്ന ജാഗ്രത. ഏകാഗ്രതയില്ലാതെ, അഥവാ ജാഗ്രതയില്ലാതെ ഒരിക്കലും പ്രാർത്ഥനയിൽ ദൈവത്തിന്റെ അടുക്കലേക്ക് പോകാൻ നിങ്ങൾക്ക് കഴികയില്ല, അത് വെറും വാക്കുകളാണ്, വെറും വാക്കുകൾ, കേവലം ജല്പനങ്ങൾ, നിങ്ങളുടെ ഹൃദയത്തിൽ ഒരു യഥാർത്ഥ പ്രാർത്ഥനയെന്ന് തോന്നുമോ?

ആ സമയത്തു നാം എന്താണ് ചെയ്യുക? പ്രാർത്ഥന നിർത്തി. കൂടുതൽ പ്രവൃത്തിക്കായി കാത്തിരിക്കുമോ? ഇല്ല. ധാരാളം സമയം ഉണ്ടെങ്കിലും പ്രാർത്ഥന ആവശ്യമായി വരുമ്പോൾ പ്രാർത്ഥിക്കാൻ തോന്നാറില്ല. എന്തു നാം ചെയ്യും? ശാന്തരായിരിക്കുക. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ അയച്ചു തരുന്നതിനായി ദൈവത്തിങ്കലേയ്ക്ക് നോക്കുക, അവിടുത്തെ വാഗ്ദത്ത പ്രകാരം, നിങ്ങളുടെ ഹൃദയത്തെ പ്രാർത്ഥനയിലേക്ക് നയിക്കുവാൻ ഒരു പുതിയ ഉണർവ്വ് നിങ്ങളിൽ പകർന്നു തരുവാനായി ദൈവത്തോടും പ്രാർത്ഥിക്കേണം. അവിടുന്ന് പരിശുദ്ധാത്മാവിനെ അയക്കും നിങ്ങൾ അതീവ ജാഗ്രതയോടെ പ്രാർത്ഥിക്കും, “ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ”.

ഞാൻ പരീക്ഷിക്കുവൻ ആഗ്രഹിച്ച. ചില സമയങ്ങളിൽ ആഴമായ ഏകാഗ്രതയുണ്ടാകും എന്നു തോന്നും, എന്നാൽ ഹൃദയാംഗമായ പ്രാർത്ഥനയില്ല, വെറും വാക്കുകളിൽ, കേവലം വാക്കുകളിൽ മാത്രം ഒതുങ്ങുന്ന പ്രാർത്ഥന. അതിന്റെ ശേഷം ഞാൻ ദൈവത്തിങ്കലേക്ക് നോക്കി, ദൈവത്തിന്റെ വചനം പഠിക്കുന്നത് പോലെ പരിശുദ്ധാത്മാവിനെ അയച്ചു ശക്തീകരിക്കുവാൻ, അതിനായി കാത്തിരുന്നു, അവിടുത്തെ അളവറ്റ ശക്തി എന്നിൽ പകരണമേ എന്ന് ദൈവത്തോട് വിളിച്ച പേക്ഷിച്ചു, ചില സമയങ്ങളിൽ അത് ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളായി മാറി.

ഞാൻ ഷിക്കാഗോയിൽ കഴിഞ്ഞ ഒരു രാത്രി ഒരിക്കലും മറക്കാൻ സാദ്ധ്യമല്ല. ലോകവ്യാപകമായ ഉണർവ്വു നടന്നുകൊണ്ടിരുന്ന ഒരു സമയം, ഒരു പൊതുയോഗത്തിന് ശേഷം, യോഗവുമായി ബന്ധമുള്ള ഒരു മനുഷ്യൻ ഒരു രാത്രിയിൽ എന്റെ വീട്ടിൽ വന്നു എന്നോടു പറഞ്ഞു, സഹോദരാ റ്റോറി, മറ്റുള്ള യോഗം കഴിഞ്ഞതിന് ശേഷം ശനിയാഴ്ച രാത്രികളിൽ ദൈവത്തോട് കൂടെ വേറിട്ടിരിപ്പാൻ ഒരു സമയം വേർതിരിക്കാമോ എന്ന് എന്നോട് ചോദിച്ചു. അർത്ഥം മനസിലായില്ല, അദ്ദേഹം തുടർന്നു, ശനിയാഴ്ച രാത്രികളിൽ നാം ഒരുമിച്ചു പ്രാർത്ഥിക്കുവാൻ എനിക്ക്

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥനയിൽ ആത്മാർത്ഥത

വാക്കു തരണം, എന്നാൽ ഏതു വിധത്തിലെങ്കിലും ഇന്ന് രാത്രി പ്രാർത്ഥിക്കേണം.

അതെ, ആ രാത്രി ഞങ്ങൾ പ്രാർത്ഥനയിൽ ചെല വഴിച്ചു. എനിക്ക് ഒരിക്കലും മറക്കുവാൻ കഴിയില്ല അത്, എന്നാൽ, അന്നത്തെ രാത്രി യായിരുന്നില്ല അത്, ഞാൻ ഇന്നത്തെക്കുറിച്ച് ചിന്തിക്കു വാൻ തുടങ്ങി. ചില ആഴ്ച കൂടെ അവിടെ യോഗങ്ങൾ ഉണ്ടായിരുന്നു, അതിന്റെ ശേഷം മറ്റു ചിലരെ കൂടെ ക്ഷണിക്കേണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു, അങ്ങനെ ഞങ്ങൾ ചെയ്തു; ഓരോ ശനിയാഴ്ച രാത്രികളിലും യോഗങ്ങൾ അവസാനിച്ച ശേഷം പത്ത് മണിക്ക് ചുരുക്കം ചിലരായി ഞങ്ങൾ കൂടി വന്നു, പ്രത്യേക സ്ഥല ങ്ങളിൽ ആർക്കും ശല്യമാ കാതെ കൂടി വന്ന് പ്രാർത്ഥി ച്ചു. ആറോ ഏഴോ പേർ കാണും ഏറിയാൽ പന്ത്രണ്ടു പേർ കൂടി വന്ന് പ്രാർത്ഥിച്ചു.

ഒരു രാത്രി ഞങ്ങൾ പ്രാർത്ഥിപ്പാൻ കൂടി വന്നു, ആ രാത്രി പ്രാർത്തിക്കേണ്ടതായ വിഷയങ്ങൾ അവരോട് പറ ഞ്ഞു, ഞങ്ങൾ മുട്ടു മടക്കി, നീണ്ട നിശബ്ദത തുടർന്നു. ആരും പ്രാർത്ഥിച്ചില്ല. ആ ചെറിയ കൂട്ടത്തിൽ ഒരാൾ പറ ഞ്ഞു, എനിക്കു പ്രാർത്ഥി പ്പാൻ കഴിയുന്നില്ല. ആരോ എന്നെ വിലക്കുന്നതായി തോന്നുന്നു. അടുത്തവൻ തല ഉയർത്തിപ്പറഞ്ഞു, " എനി ക്കും പ്രാർത്ഥിപ്പാൻ കഴിയു ന്നില്ല. എന്തോ എന്നെ തടുക്കു ന്നതായി തോന്നു ന്നു". ഓ രോരുത്തരും ഇതേ കാര്യം തന്നെ ആവർത്തിച്ചു പറഞ്ഞു.

ഞങ്ങൾ എന്ത് ചെയ്തു? പ്രാർത്ഥന നിർത്തിയോ? ഇല്ല. ഈ അവസരത്തിൽ ഞങ്ങൾ എന്തു ചെയ്തു, ഞങ്ങൾ എല്ലാവരും ദൈവമു മ്പാകെ മുട്ടു മടക്കി, വിജ യത്തിലേക്ക് നടത്തുവാൻ കഴിവുള്ള പരിശുദ്ധാത്മാ വിന്റെ സഹായത്തിനായി ദൈവത്തിങ്കലേക്ക് കണ്ണുക ളുയർത്തി. പെട്ടെന്ന് പരി ശുദ്ധാത്മാവ് ഞങ്ങളുടെ മേൽ വന്നു, അന്നു രാത്രി ഞങ്ങൾ ദൈവശബ്ദം കേട്ടു.

ആത്മാവു ഞങ്ങളുടെ മേൽ വന്നു, സ്വപ്നം കാണുവാൻ പോലും കഴി യാത്ത പ്രാർത്ഥനകൾ ഞങ്ങൾ പ്രാർത്ഥിച്ചു. ലോകത്തിൽ ദൈവം എന്നെ അയച്ച് സുവി ശേഷം പ്രസംഗിപ്പാനും, ആയിരങ്ങൾ ചൈനയിലും, ജപ്പാനിലും, ഓസ്ട്രേലിയയി ലും, ന്യൂസിലാന്റിലും ടാസ്മാനിയയിലും, ഇന്ത്യയി ലും, ഇംഗ്ലണ്ടിലും സ്കോട്ട് ലണ്ടിലും, അയർലണ്ടിലും, ജർമ്മനിയിലും, ഫ്രാൻസി ലും, സ്വിറ്റ് സർലണ്ടിലും രക്ഷിക്കപ്പെടുന്നത് കാണു വാനും ഇടയാകേണ്ടതിനായി പ്രാർത്ഥിച്ചു. ദൈവം അതി ലേക്ക് ഞങ്ങളെ നടത്തുന്നു എന്നു ഞങ്ങൾ അറിഞ്ഞു. ദൈവം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് അയച്ചു വചനം പ്രസംഗിക്കു വാൻ ഇടയായി.

അതെ, എങ്ങനെ നാം പ്രാർത്ഥിക്കേണം എന്നും, എന്ത് പ്രാർത്ഥിക്കേണം എ ന്നും ജാഗ്രതയോടെ പ്രാർ ത്ഥിച്ചാൽ പരിശുദ്ധാത്മാവ് ശക്തമായി നമ്മെ ഉപയോ ഗിക്കും. ❖

പ്രാർത്ഥന

By R.A.Torrey

സുവിശേഷങ്ങളിൽ രണ്ട് വേദഭാഗങ്ങൾ ഈ വിഷയ ത്തിലേക്ക് വെളിച്ചം വീശു ന്നു, ഏതു തരത്തിലുള്ള പ്രാർത്ഥനയാണ് നമുക്ക് വിജയം വരിക്കുവാൻ കഴി യുന്നത്, ദൈവത്തിൽ നിന്നും എങ്ങനെയാണ് പ്രതീക്ഷി ക്കുന്ന നന്മകൾ നേടുവാൻ കഴിയുന്നത്; അതിനോട് ചേർന്ന് ഒരു ചോദ്യം കൂടെ, നാം ദൈവത്തെ കാത്തിരി ക്കുന്നവരായിട്ടും, ദൈവ ത്തിന്റെ സ്വന്തജനത്തിന്റെ പ്രാർത്ഥനയ്ക്ക് വളരെകു റച്ചു മാത്ര മേ പ്രാപിപ്പാൻ പലപ്പോഴും നമുക്കു കഴിയു ന്നത് എന്തുകൊണ്ടാണ്? ഒന്നാമത്തെ വേദഭാഗമായ ലൂക്കൊസ് 11:5-10-ൽ നമ്മുടെ കർത്താവ് തന്ന പഠിപ്പിക്കുന്ന ഒരു വേദഭാഗമാണ്.

" പിന്നെ അവൻ അവ രോട് പറഞ്ഞത്: നിങ്ങളിൽ ആർക്കെങ്കിലും ഒരു സ്നേ ഹിതൻ ഉണ്ട് എന്നിരിക്കട്ടെ; അവൻ അർദ്ധരാത്രിയിൽ അവന്റെ അടുക്കൽ ചെന്ന്: സ്നേഹിതാ എനിക്ക് മൂന്ന പ്പം വായ്പ തരേണം. എന്റെ ഒരു സ്നേഹിതൻ വഴിയാത്ര യിൽ എന്റെ അടുക്കൽ വന്നു, അവന് വിളമ്പിക്കൊടുപ്പാൻ എന്റെ പക്കൽ ഏതുമില്ല എന്ന് അവനോട് പറഞ്ഞാൽ: എന്നെ പ്രയാസപ്പെടുത്തരുത്, കതക് അടച്ചിരിക്കുന്നു, പൈതങ്ങളും എന്നോടൊപ്പം കിടക്കുന്നു, എഴുന്നേറ്റ് തരുവാൻ എനിക്കു കഴികയില്ല എന്ന് അകത്തു നിന്നു ഉത്തരം പറഞ്ഞാലും. അവൻ സ്നേഹിതനാകകൊ ണ്ട് എഴുന്നേറ്റ് കൊടുക്കുകയി ല്ലെങ്കിലും അവൻ ലജ്ജ കൂടാതെ മുട്ടുക നിമിത്തം എഴുന്നേറ്റു വേണ്ടുന്നേടത്തോ ളം അവന് കൊടുക്കും എന്ന് ഞാൻ നിങ്ങളോട് പറയുന്നു. യാചിപ്പിൻ എന്നാൽ നിങ്ങൾ ക്കു കിട്ടും. അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും, മുട്ടു വിൻ എന്നാൽ നിങ്ങൾക്ക് തുറക്കും, യാചിക്കുന്നവന് ഏവനും ലഭിക്കുന്നു അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. മുട്ടുന്ന വനു തുറക്കും എന്ന് ഞാൻ നിങ്ങളോട് പറയു ന്നു".

കർത്തവ് പഠിപ്പിച്ചതു പോലെ ഈ ഉപമയിലെ പ്രധാന പാഠം എന്നത്, നാം പ്രാർത്ഥിക്കുമ്പോൾ, ആദ്യം തന്നെ അത് ലഭിച്ചു എന്ന് വരികയില്ല, നാം വീണ്ടും പ്രാർത്ഥിക്കേണം, ലഭിച്ചില്ലെങ്കിൽ പിന്നെയും പ്രാർത്ഥിക്കേണം; മൂന്നാം പ്രാവശ്യവും പ്രാർത്ഥിക്കേ ണം. നൂറ് പ്രാവശ്യം നാം പ്രാർത്ഥിച്ചിട്ട് കിട്ടിയില്ലെ ങ്കിലും പിന്നെയും പ്രാർ ത്ഥിക്കേണം. കിട്ടുന്നതുവ രെയും നാം പ്രാർത്ഥിക്കേ ണം.

ദൈവത്തോട് എന്തു ചോദിച്ചാലും അവിടുത്തെ ഇഷ്ടപ്രകാരമാണോ നാം ചോദിക്കുന്നത് എന്ന് വ്യക്തമാക്കേണം; നമ്മുടെ ജീവിതത്തിൽ വ്യക്തതയി ല്ലാത്ത വിഷയങ്ങളുമായി അവിടുത്തെ സന്നിധിയി ലേക്ക് ചെല്ലരുത്. ഒരു വിഷ യത്തിന് വേണ്ടി പ്രാർത്ഥി ക്കുവാൻ തീരുമാനിച്ചാൽ, അത് ലഭിക്കുവോളം ജാഗ്രത യോടെ പ്രാർ ത്ഥിക്കുക.

നിർബ്ബന്ധ പൂർവ്വമായു ള്ള അപേക്ഷയുടെ പ്രാ ധാന്യം

എട്ടാം വാക്യത്തിൽ

" ലജ്ജ കൂടാതെ മുട്ടുക" എന്ന വാക്ക് ആഴമായ അർത്ഥം ഉൾക്കൊള്ളുന്നതാ ണ്. ഇതിന്റെ പ്രത്യക്ഷ അർ ത്ഥം ലജ്ജ കൂടാതെ എന്നു തന്നെ, കിട്ടുന്നതുവരെയും ജാഗ്രതയോടെ ചോദിക്ക എന്നു തന്നെയാണ് നിർബ്ബ ന്ധപൂർവ്വമായ അപേക്ഷയെ ന്നത് തന്റെ ആവശ്യം, അത്യാ വശ്യപ്രകാരം അപേക്ഷിക്കു ന്നതാണ്. ഇത് കർത്താവ് നമുക്കു നൽകുവാൻ നിശ്ച യിച്ചിട്ടുള്ളതുപോലെ നാം പ്രാപിപ്പാനും, അതിന്റെ

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥന

മുമ്പിൽ ദൈവം നമ്മുടെ അപേക്ഷ നിരസിക്കുന്നു എന്നത് പോലെയുള്ള തോന്നൽ ഉണ്ടായാലും തക്കസമയത്ത് ദൈവം അതിനെ നൽകുന്നു.

സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ്, നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടിയുടെ ദൃഢത എന്ന ദൈവത്തിന്റെ ഭാഗം ഇല്ല എന്ന മറുപടി പറയാൻ കഴിയുകയില്ല. എന്തുകൊണ്ട് ദൈവം ഇതിൽ പ്രസാദിക്കുന്നു എന്ന് ചോദിച്ചാൽ, ഇത് മഹത്തായ വിശ്വാസത്തിന്റെ ഭാഗമാണ്, വിശ്വാസം പോലെ യാതൊന്നും കൊണ്ടും ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധിക്കുന്നതല്ല.

ഇതേ വിശ്വാസത്തിന്റെ ഉപമ, മത്തായി സുവിശേഷം പതിനഞ്ചാം അധ്യായത്തിൽ ഒരു ജാതീയ സ്ത്രീയുടെ കാര്യത്തിലും കാണാൻ സാധിക്കും. വാക്യം ഇരുപത്തിഒന്ന് മുതൽ ഇരുപത്തിയെട്ടുവരെ. അവളുടെ മകളുടെ സൗഖ്യത്തിനായി യേശു കർത്താവിനോട് അപേക്ഷിക്കുന്നു. " കർത്താവേ ദാവീദ് പുത്രാ എന്നോട് കരുണതോന്നേണമേ, എന്റെ മകൾക്ക് ഭൂതോപദ്രവം അതികഠിനമായിരിക്കുന്നു " എന്ന് നിലവിളിച്ചു പറഞ്ഞു.

എന്നാൽ നമ്മുടെ കർത്താവ് അവളുടെ പ്രാർത്ഥനയ്ക്ക് മറുപടി കൊടുക്കാത്തതുപോലെ പെരുമാറി. മത്തായി സുവിശേഷകൻ ഇപ്രകാരം പറയുന്നു, "അവൻ അവളോട് ഒരു വാക്കും ഉത്തരം പറഞ്ഞില്ല. അവന്റെ ശിഷ്യന്മാർ അടുക്കെ വന്ന്, അവൾ നമ്മുടെ പിന്നാലെ നിലവിളിച്ചുകൊണ്ട് വരുന്നു. അവളെ പറഞ്ഞയക്കേണമേ എന്ന് അവനോട് അപേക്ഷിച്ചു". കർത്താവ് അവളോട് അങ്ങനെ പെരുമാറിയെങ്കിലും അവൾ അവളുടെ നിലവിളി തുടർന്നു.

അപ്പോൾ കർത്താവ് തിരിഞ്ഞ് അവളോട്, " മക്കളുടെ അപ്പം എടുത്തു നായ് കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നത് നന്നല്ല എന്നുത്തരം പറഞ്ഞു ". അവൾ യിസ്രായേൽ കുടുംബത്തിൽ പെട്ടവൾ ആയിരുന്നില്ല. അവൾ പിന്നെയും കർത്താവിനോട് കർത്താവേ, നായ് കുട്ടികളും തന്റെ ഉടയവരുടെ മേശയിൽ നിന്നും വീഴുന്ന അപ്പനുറുക്കുകൾ ഭക്ഷിക്കുന്നുവല്ലോ എന്ന് പറഞ്ഞു. അപ്പോൾ കർത്താവ്, " സ്ത്രീയേ നിന്റെ വിശ്വാസം വലിയത്; നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ എന്നു പറഞ്ഞു".

അവിടുന്ന് നായ്കുട്ടികൾ എന്ന വാക്ക് ഇവിടെ ഉപയോഗിച്ചിരിക്കുന്നു. അവളുടെ പ്രാർത്ഥന നിരസിക്കുന്നു എന്ന തോന്നൽ ഇവിടെയുണ്ടാകാം. എന്നാൽ, അവിടുന്ന് അവളോട് കരുണ കാണിക്കുന്നതും അവളുടെ വിശ്വാസത്തെ പരീക്ഷിക്കുന്നതും കാണാം. അവളുടെ വിശ്വാസം അംഗീകരിക്കപ്പെട്ടു, അധികം അനുഗ്രഹം അവൾ പ്രാപിക്കുന്നു.

കർത്താവിന്റെ ചുണ്ടുകളിൽ നിന്നും വളരെ മഹത്തായ ഒരു അഭിനന്ദനം കടന്നു വരികയാണ്. ഇങ്ങനെ മത്തായി സുവിശേഷകൻ എഴുതുന്നു, "സ്ത്രീയേ നിന്റെ വിശ്വാസം വലിയത്, നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ. ആ നാഴികമുതൽ അവളുടെ മകൾക്ക് സൗഖ്യം വന്നു ". അവൾ വിശ്വാസത്തോടെ അപേക്ഷിച്ചു, അവളുടെ അപേക്ഷയ്ക്ക് മറുപടിയുണ്ടായി.

ദൈവം നമ്മുടെ അപേക്ഷകൾക്ക് ആദ്യമേ തന്നെ മറുപടി നൽകുകയില്ല, എന്നാൽ വിട്ടുകളയരുത്, ലഭിക്കുന്നതുവരേയും പ്രാർത്ഥനയിൽ തുടരുക. പ്രാർത്ഥിക്കുക മാത്രമല്ല, തുടർച്ചയായി പ്രാർത്ഥിക്കേണം.

പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു ആഴമായി ശിഷ്യന്മാരോട് ഉപമയിലൂടെ സംസാരിക്കുന്നത് കാണുവാൻ കഴിയും. അവിടെ പറയുന്നു, "പ്രാർത്ഥിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമേ", ലൂക്കോസിന്റെ സുവിശേഷത്തിൽ പ്രസിദ്ധമായ " കർത്താവിന്റെ പ്രാർത്ഥന "യിൽ, അതായത് ശിഷ്യന്മാരുടെ പ്രാർത്ഥനയിൽ, പ്രാർത്ഥനയെക്കുറിച്ച് കാണാം.

ക്ഷീണിച്ചു പോകരുത്, മടുത്തുപോകരുത്

അതേ പാഠം ലൂക്കോസ് സുവിശേഷകൻ തന്റെ സുവിശേഷത്തിൽ 18:1 വരെ കാണാം. " മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കേണം എന്നുള്ളതിന് അവൻ അവരോട് ഒരു ഉപമ പറഞ്ഞത്: ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ലാത്ത ഒരു ന്യായാധിപൻ ഒരു പട്ടണത്തിൽ ഉണ്ടായിരുന്നു. ആ പട്ടണത്തിൽ ഒരു വിധവയും ഉണ്ടായിരുന്നു. അവൾ അവന്റെ അടുക്കൽ ചെന്ന് എന്റെ പ്രതിയോഗിയോട് പ്രതിക്രിയ നടത്തി രക്ഷിക്കണമേ എന്ന് പറഞ്ഞു. അവനു കുറെ കാലത്തേയ്ക്ക് മനസില്ലായിരുന്നു, പിന്നെ അവൻ എനിക്ക് ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ല, എങ്കിലും വിധവ എന്നെ അസഹ്യപ്പെടുത്തുന്നതുകൊണ്ട് ഞാൻ അവളെ പ്രതിക്രിയ നടത്തി രക്ഷിക്കും. അല്ലെങ്കിൽ ഒടുവിൽ അവൾ വന്നു എന്റെ മുഖത്തടിക്കും എന്ന് ഉള്ളുകൊണ്ട് പറഞ്ഞു. അനീതിയുള്ള ന്യായാധിപൻ പറയുന്നതു കേൾപ്പിൻ. ദൈവമോ തന്നോട് രാപ്പകൽ നിലവിളിക്കുന്ന തന്റെ വൃതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുളളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ? വേഗത്തിൽ അവരെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്ന് ഞാൻ നിങ്ങളോടു പറയുന്നു. എന്നാൽ മനുഷ്യപുത്രൻ വരുമ്പോൾ താൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ എന്ന് കർത്താവ് പറഞ്ഞു.

ഈ ഉപമയിലെ പ്രധാന പാഠം എന്നത്, കർത്താവ് പഠിപ്പിക്കുന്നത് എന്തെന്നാൽ ഇതു മറ്റെല്ലാ ഉപമകളുടെയും ഒരു പാഠപുസ്തകമാണ്, " മടുത്തുപോകാതെ പ്രാർത്ഥിപ്പിൻ", ഇതിന്റെ വ്യക്തമായ അർത്ഥം എന്നത്, ദൈവത്തിൽ നിന്നും ആഗ്രഹിച്ചു പ്രാർത്ഥിക്കുന്നതിനായി നാം തുടർച്ചയായി പ്രാർത്ഥിക്കേണം എന്നുള്ളതാണ്.

ഈ പ്രാർത്ഥനയുടെ യഥാർത്ഥ അർത്ഥം, എന്നത് അനീതിയുള്ള ന്യായാധിപൻ, തനിക്ക് അത് ചെയ്യുന്നതിൽ താൽപര്യം ഇല്ലെങ്കിലും അതു ചെയ്യുവാൻ തയ്യാറാവുകയാണ്. രാപകൽ തന്നോട് നിലവിളിക്കുന്ന വൃതന്മാരുടെ കാര്യത്തിൽ നിശ്ചയമായി മറുപടികൊടുക്കും, അവിടുന്ന് മറുപടി നൽകുവാൻ സന്തോഷമുള്ളവനാണ്, അവിടുന്ന് മറുപടി കൊടുക്കുക തന്നെ ചെയ്യും. നാം വീണ്ടും കാണുന്നത് നാം പ്രാർത്ഥിക്കുമ്പോൾ തന്നെ ദൈവം നമുക്ക് മറുപടി നൽകുന്നില്ല, എന്നാൽ തുടർച്ചയായി, ആവശ്യബോധത്തോടെ, വിശ്വാസത്തോടെ പ്രാർത്ഥിക്കേണം.

എന്തിന് ആവർത്തിച്ചു പ്രാർത്ഥിക്കേണം

എന്തുകൊണ്ട് ആദ്യത്തെ ചോദിക്കുന്ന അനുഭവത്തിൽ നമുക്ക് ലഭിക്കാത്തത്? ഉത്തരം ലളിതമാണ്. ദൈവത്തിന്റെ പക്കൽ നമുക്കു തരുവാൻ മെച്ചമായ് ചിലതുണ്ട്. നമുക്കു വേണ്ടി ചെയ്യുവാൻ മെച്ചമായത്, നാം ചോദിക്കുന്നതിലും

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥന

നിനയ്ക്കുന്നതിലും മെച്ചമായത്. നമുക്ക് ദൈവം തരുവാൻ ആഗ്രഹിക്കുന്നതിനെ സ്വീകരിക്കുവാനുള്ള പരിശീലന കാലമാണ് കാലതാമസം. നാം ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ ലഭിക്കുന്ന നന്മകളുടെ വ്യത്യസ്തരൂപങ്ങൾ, നാം ആദ്യം ചോദിക്കുന്ന രീതിയിലുള്ളതായിരിക്കയില്ല ദൈവം തരുവാൻ ആഗ്രഹിക്കുന്ന രൂപം. ദൈവം തരുന്നത് നമ്മുടെ ജീവിതത്തിൽ നന്മ വരുത്തുന്നതായിരിക്കേണം, നാം ചോദിക്കുന്ന കാര്യങ്ങൾ ദൈവത്തിന്റെ സമയത്ത് നമുക്കു ലഭിക്കുന്നത് നന്മയായിരിക്കും. നമ്മെ ക്രിസ്തുവിൽ തികഞ്ഞ പുരുഷന്മാരും സ്ത്രീകളും ആക്കി പ്രാർത്ഥനയിൽ നമ്മെ ശക്തന്മാരാക്കുവാൻ ദൈവം ആഗ്രഹിക്കുന്ന നന്മ നമുക്കുണ്ടാകേണം എന്നും ദൈവം ആഗ്രഹിക്കുന്നു. അവിടുന്ന് പ്രാർത്ഥനയ്ക്കായി നിർബ്ബന്ധിച്ചു ഒരുക്കുന്നു.

വചനത്തിലൂടെ നമ്മുടെ വിശ്വാസം വർദ്ധിക്കുവാൻ സമയം ആവശ്യമാണ്. അഥവാ പരിശുദ്ധാത്മാവിന്റെ വ്യക്തമായ നടത്തിപ്പിലൂടെ, നാം ചോദിക്കുന്ന ആദ്യ സമയം തന്നെ അത് ലഭ്യമായാൽ, അതിനപ്പുറത്ത് ഒരു ചോദ്യം അവിടെ ഉയരാം, നമുക്കു മറുപടികിട്ടുന്നതിന്റെ മുമ്പേ തന്നെ വീണ്ടും വീണ്ടും ആവർത്തിച്ചു പ്രാർത്ഥിക്കേണ്ടതായ ആവശ്യമെന്ത്? നമ്മുടെ ദൈവമായ കർത്താവ് മത്തായിയുടെ സുവിശേഷത്തിൽ രണ്ടു പ്രാവശ്യം പ്രാർത്ഥിക്കുന്നു. 26:44-ൽ, "അവരെ വിട്ട് മൂന്നാമതും ആ വചനം തന്നെ ചൊല്ലി പ്രാർത്ഥിച്ചു". സത്യം ഇതാണ്, ആ പ്രാർത്ഥനയ്ക്ക് ദൈവം മറുപടി നൽകിയില്ല.

ചിലർ അവിടെയുണ്ട്, അവരുടെ പ്രാർത്ഥന രണ്ടോ മൂന്നോ തവണ പ്രാർത്ഥിക്കുന്നു, മറുപടി കിട്ടിയില്ല, അവർ പ്രാർത്ഥന നിർത്തുന്നു, "ദൈവഹിതത്തിനായി തങ്ങളെത്തന്നെ ഏല്പിക്കുന്നു". തളർന്നു പോകുന്നില്ല, ദൈവഹിതം അതിനായി തങ്ങളെ പൂർണ്ണമായി സമർപ്പിക്കുന്നു.

എന്നാൽ, തത്വത്തിൽ ദൈവഹിതത്തിന് സമർപ്പിക്കൽ അല്ല: ഇത് ആത്മീയ അലസതയും ഉറച്ച തീരുമാനമില്ലായ്മയും മാനുഷിക ചിന്തയോടുകൂടിയുള്ള പ്രാർത്ഥനയാണ്. ഒന്നോ രണ്ടോ പ്രാർത്ഥന പ്രാർത്ഥിച്ചതിനു ശേഷം ഇത് ദൈവഹിതം ഇല്ല എന്ന് പറഞ്ഞു തള്ളിക്കളയലാണ്. ഇതിനെ വിശ്വാസമില്ലാത്ത പ്രാർത്ഥന അല്ലെങ്കിൽ ഉറപ്പില്ലാത്ത പ്രാർത്ഥന എന്നു വിളിക്കുന്നു. ശക്തനായ ഒരു മനുഷ്യൻ, താൻ ആരംഭിച്ച വേലയെ പൂർത്തീകരിക്കുന്നു. ആദ്യ പ്രയത്നത്തിൽ തന്റെ ലക്ഷ്യം പൂർത്തിയാകുന്നില്ലെങ്കിൽ രണ്ടാം പ്രാവശ്യം പൂർത്തിയാവുന്നില്ലെങ്കിൽ ആറാമത്തെ പ്രയത്നത്തിലും ഒരു പൂർത്തീകരണം കാണുവാൻ കഴിഞ്ഞില്ല എങ്കിലും, താൻ പൂർത്തീകരണം കാണുന്നതുവരെയും താൻ പ്രയത്നിക്കും. ഇതുപോലെ ഒരു പ്രാർത്ഥന മനുഷ്യൻ ഒരു കാര്യത്തിനുവേണ്ടി പ്രാർത്ഥിക്കാൻ തുടങ്ങിയാൽ, അതു ലഭിക്കുന്നത് വരെയും പ്രാർത്ഥിക്കും.

നാം ചോദിക്കുന്ന ആദ്യ പ്രാവശ്യം തന്നെ എപ്പോഴും ലഭിക്കാത്തതിനെ ഓർത്തു ഞാൻ സന്തോഷിക്കുന്നു. ഞാൻ അതിനെ ചോദിച്ച് പ്രാർത്ഥിച്ചുകൊണ്ടേയിരിക്കും. ഒരു വ്യക്തി ദൈവത്തോട് ചോദിക്കുന്ന കാര്യങ്ങൾ ലഭിക്കാതെ വരുമ്പോൾ പിന്നെയും പിന്നെയും ദൈവത്തോട് ആവശ്യബോധത്തോടെ ലഭിക്കുവോളം വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നത് ഒരു നല്ല പരിശീലനം കൂടെയായിരിക്കുന്നു. മറുപടി നൽകുന്ന ദൈവം നമ്മുടെ ദൈവമായിരിക്കയാൽ അവിടുന്ന് പ്രാർത്ഥനയ്ക്ക് മറുപടി നൽകുന്നു.

ഉണർവിനു സമയമാവുമ്പോൾ അതിനെ വിട്ടുകളയുന്നു.

ചില സമയം നാം പ്രാർത്ഥിക്കും, വീണ്ടും പ്രാർത്ഥിക്കും, വീണ്ടും പ്രാർത്ഥിക്കും, മറുപടി വരാൻ സമയം ആവുമ്പോൾ, ആ സമയം ദൈവം നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി നൽകുവാൻ തുടങ്ങുമ്പോൾ പ്രാർത്ഥന നിർത്തി അനുഗ്രഹം നഷ്ടമാക്കിക്കളയുന്നു. ഉദാഹരണമായി, സഭകളിൽ, സമൂഹങ്ങളിൽ ഉണർവ്വിനായുള്ള പ്രാർത്ഥന നടക്കാറുണ്ട്. ഉടനെ ഉണർവ്വുണ്ടാകുന്നില്ല, കുറച്ചു സമയം കൊണ്ട് ഉണർവ്വുണ്ടാകുന്നില്ല, അവർ പ്രാർത്ഥനയിൽ തുടരുന്നു. അവരുടെ പ്രാർത്ഥനയുടെ അരികിൽ, അന്വേഷിക്കുന്ന കാര്യത്തിനുവേണ്ടിയുള്ള ശ്രമത്തിനരികിൽ, മറുപടി ലഭിക്കുന്നതിനല്പം മാത്രം മുമ്പു അവർ പ്രാർത്ഥന നിർത്തിക്കളയുന്നു. അധൈര്യപ്പെട്ടു പോകുന്നു. കരങ്ങളെ കുടഞ്ഞു കളയുന്നു, അവർ വിട്ടു പോകുന്നു. മറുപടി പ്രാപിപ്പാനുള്ള സമയത്തിനരികിൽ കടക്കുവാൻ കഴിയാതെ വാഗ്ദത്തദേശം അവർക്കു നഷ്ടമാവുന്നു.

1990 ജനുവരിയിലോ 1991 ലോ ചിക്കാഗോയിലുള്ള ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗങ്ങൾ ചേർന്ന് ശനിയാഴ്ച രാത്രിയിൽ 9 മണി മുതൽ 10 മണിവരെ ഉണർവ്വിനുവേണ്ടി ഒരു പ്രാർത്ഥന ക്രമീകരിച്ചു പ്രാർത്ഥന ആരംഭിച്ചു കുറച്ചു സമയം കഴിഞ്ഞപ്പോൾ ചില കാര്യങ്ങൾ സംഭവിച്ചു തുടങ്ങി. ആളുകൾ സംഘാടകരായ ഞങ്ങളുടെ അടുക്കൽ വന്നു പറഞ്ഞു, ഉണർവ്വ് ഉണ്ടാകുമോ? ഇല്ല, അകലെയല്ലാതെ നാം കാണും

എപ്പോൾ ഇതു വരും?

നമുക്ക് അറിയാൻ കഴിയുകയില്ല

എത്ര നാളായി നാം പ്രാർത്ഥിക്കുന്നു?

ഉണർവ്വുണ്ടാകുന്നതുവരെയും

ഉണർവ്വു വന്നു, ഒരു ഉണർവ്വു ചിക്കാഗോയിലെ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുറിയിൽ വന്നു, അതിന്റെ ശേഷം അതു പൊട്ടി പുറപ്പെട്ട് ഒഴുകി, ചൈന ജപ്പാൻ, ആസ്ത്രേലിയ. ന്യൂസിലാന്റ്, ടാസ്മാനിയ ഇൻഡ്യ എന്നിവിടങ്ങളിലൂടെ ലോകം മുഴുവൻ എത്തി, ലോകത്തെ രക്ഷിക്കുന്ന അത്ഭുത ശക്തിയായി മിസ്റ്റർ അലക്സാണ്ടറിലും എന്നിലും വ്യാപരിച്ചു. ഇന്ത്യയിലും വെയിൽസിലും അതു വ്യാപരിച്ചു. വെയിൽസിൽ, ഉദാഹരണമായി, ഇവാൻ റോബർട്ടിന്റെയും കൂട്ടുകാരുടെയും കീഴിൽ പന്ത്രണ്ട് മാസങ്ങൾക്കിടയിൽ ഒരു ലക്ഷം പേർ മാനസാന്തരപ്പെടുവാൻ ഇടയായി.

ഞാൻ വിശ്വസിക്കുന്നു, ദൈവം നമ്മെ നോക്കുന്നു, വീണ്ടും തുടരെ പ്രാർത്ഥിക്കുവാൻ സ്നേഹിതർക്കുവേണ്ടി പ്രാർത്ഥിക്കുക

എന്റെ ജ്യേഷ്ഠ സഹോദരനുവേണ്ടി ഞാൻ പതിനഞ്ച് വർഷം പ്രാർത്ഥിച്ചു. എന്റെ പ്രത്യാശയിൽ നിന്നും അവൻ അകന്നകന്നു പോകുന്നതായി എനിക്കു തോന്നി. ഞാൻ പ്രാർത്ഥനയിൽ തുടർന്നു. ഒരു പ്രഭാതത്തിൽ, ചിക്കാഗോയിലെ എന്റെ ആദ്യ മഞ്ഞുകാലത്തിൽ, പതിനഞ്ച് വർഷത്തെ പ്രാർ

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥന

ത്ഥനയ്ക്കുശേഷം ഒരു ദിവസംപോലും ഒഴിയാതെ, ദൈവം പറഞ്ഞതനുസരിച്ച് മുഴങ്കാലിന്മേൽ നിന്നും പ്രാർത്ഥിച്ചു. " ഞാൻ നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു. നിന്റെ പ്രാർത്ഥന തുടരേണ്ട ആവശ്യമില്ല. നിന്റെ സഹോദരൻ മാനസാന്തരപ്പെടാൻ പോകുന്നു.

രണ്ടാഴ്ചക്കകം എന്റെ സഹോദരൻ എന്റെ വീട്ടിലേക്ക് വന്നു. രോഗിയായിത്തീർന്ന കാരണത്താലാണ് വീട്ടിലേയ്ക്ക് വന്നത്. രണ്ടാഴ്ചയ്ക്കു ശേഷം ഞങ്ങൾ മൂഡിയുടെ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് പോയി. ഞങ്ങൾ ഒരുമിച്ച് സംസാരിക്കയും പ്രാർത്ഥിക്കയും ചെയ്തു.

ഒരിക്കൽ ഒരു പട്ടണത്തിൽ ഒരു പ്രാർത്ഥനായോഗത്തിൽ ഈ സംഭവം ഞാൻ പറയുവാൻ ഇടയായി. യോഗത്തിനൊടുവിൽ ഒരു പ്രായമുള്ള സ്ത്രീ വന്ന് എന്നോട് പറഞ്ഞു. " ഞാൻ എന്റെ സഹോദരനു വേണ്ടി പ്രാർത്ഥിക്കയായിരുന്നു. അദ്ദേഹത്തിന് 63 വയസുണ്ടായിരുന്നു. കുറച്ചു വർഷങ്ങൾക്ക് മുമ്പ് ആ പ്രാർത്ഥന ഞാൻ നിർത്തിയിരുന്നു. എന്നാൽ, ഞാൻ ആ പ്രാർത്ഥന പുനരാരംഭിക്കുവാനിടയായി. രണ്ടാഴ്ചക്കുശേഷം അവൾ മടങ്ങി വന്നു എന്നോട് പറഞ്ഞു. എന്റെ സഹോദരനും എന്റെ ഭർത്താവും യേശുവിനെ സ്വന്തം രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു.

അതെ, പ്രിയ സഹോദരീ സഹോദരന്മാരെ, പ്രാർത്ഥിക്കുക; പ്രാർത്ഥിക്കുക; പ്രാർത്ഥിക്കുക; കുറെ പ്രാർത്ഥിച്ചു നിർത്തുകയല്ല, പ്രാർത്ഥിച്ച് കുറെ കഴിഞ്ഞു വിട്ടുകളയുന്നതും അല്ല, എന്നാൽ പ്രാർത്ഥിക്കുക, പ്രാർത്ഥിക്കുക, ദൈവം സ്വർഗ്ഗം ചായ്ച്ച് ഇറങ്ങി വരുന്നതു വരെയും പ്രാർത്ഥിക്കുക. ❖

പ്രാർത്ഥനയിൽ ശക്തന്മാർ ആകുക

By Wesley L.Duewel

ജയിക്കുന്ന പ്രാർത്ഥന ജയിക്കുന്ന ആത്മാവിനാൽ ജയിക്കുന്നു. ഇത് മനുഷ്യന്റെ വേലയല്ല, വിശുദ്ധിയോടെ ജീവിക്കുന്ന ദൈവമനുഷ്യരായ സ്ത്രീകളും പുരുഷന്മാരുമാണ്. ഇത് നിങ്ങളുടെ സഹകരണത്തോടെയുള്ള പരിശുദ്ധാത്മാവിന്റെ വേലയാണ്. സാമുവേൽ ചാഡ് വിക്ക് പറയുന്നു, " ദൈവം എനിക്കായ് ചെയ്യുന്ന വലിയ കാര്യം, ആത്മാവിൽ പ്രാർത്ഥിക്കുവാൻ എന്നെ പഠിപ്പിക്കുന്നു എന്നതാണ് ". പരിശുദ്ധാത്മാവിൽ കൂടെയല്ലാതെ ഒരു സ്ത്രീക്കും പുരുഷനും ഒരു പ്രാർത്ഥിക്കുന്ന സ്ത്രീയോ പുരുഷനോ ആയിത്തീരുവാൻ സാധ്യമല്ല.

പരിശുദ്ധാത്മാവിനാൽ അല്ലാതെ എങ്ങനെയാണ് നിങ്ങളെ ജയിക്കുന്ന പ്രാർത്ഥനയ്ക്കായി ഒരുക്കുന്നത്? ഓർക്കുക, നിങ്ങൾ എപ്പോഴും പറയും, ഞാൻ ജയിക്കുന്ന പ്രാർത്ഥനയ്ക്ക് കുറവുള്ളവനാണ്. സന്തോഷിക്കുക! " ആത്മാവ് നമ്മുടെ ബലഹീനതയ്ക്ക് തുണനിൽക്കുന്നു. വീണ്ടും വീണ്ടും പൗലൊസിനോട് ചേർന്നു നിങ്ങൾ പറയേണം, " എങ്ങനെ പ്രാർത്ഥിക്കേണം എന്ന് ഞാൻ അറിയുന്നില്ല. ഞാൻ പ്രാർത്ഥനയിലൂടെ ജയം എടുക്കുവാനുള്ള വിശദാംശങ്ങൾ എനിക്ക് അറിയില്ല ". സന്തോഷിക്ക, നിങ്ങൾ പ്രാർത്ഥനയിൽ ശക്തിപ്പെടുവാൻ പരിശുദ്ധാത്മാവ് നിങ്ങൾക്കു വേണ്ടി മദ്ധ്യസ്ഥത ചെയ്യുകയാണ്. (റോമ. 8:26).

ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങളിലൂടെ ജയമെടുക്കുവാൻ നിങ്ങൾക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു, നിങ്ങൾ ജയിക്കുന്നവരായിരിക്കേണം എന്ന് മാത്രമല്ല നിങ്ങൾ സ്വതന്ത്രരായിരിക്കേണം എന്നും ദൈവം ആഗ്രഹിക്കുന്നു. നിങ്ങൾ ജയിക്കുന്ന പ്രാർത്ഥനയിൽ ശക്തരായിത്തീരുവാൻ ദൈവത്തിന്റെ ആത്മാവ് നിങ്ങൾക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. അവിടുന്ന് നിത്യമായി നിങ്ങൾക്കുവേണ്ടി ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ പക്ഷവാദം ചെയ്യുന്നു. നിർണ്ണായകമായി ആവശ്യങ്ങളുമായി മറ്റുള്ളവർ നിങ്ങളെ സമീപിക്കുമ്പോൾ നിങ്ങൾ ശക്തന്മാരായി ജയിക്കുന്ന പ്രാർത്ഥനയിൽ നിങ്ങൾ ആയിത്തീരുവാൻ ദൈവം ആഗ്രഹിക്കുന്നു.

അവർക്കുവേണ്ടി ശക്തന്മാരായി പ്രാർത്ഥനയിൽ ജയത്തോടെ നില്പാൻ ആത്മാവ് ആഗ്രഹിക്കുന്നു. ദൈവത്തിന് മറ്റ് വഴിയില്ല. സ്വർഗ്ഗത്തിലെ കൃപയുടെ സിംഹാസനത്തിലിരിക്കുന്ന പുത്രന്റെയും പരിശുദ്ധാത്മാവായ ദൈവത്തിന്റെയും മദ്ധ്യസ്ഥതയിലൂടെ വ്യാപരിക്കുന്ന ജയിക്കുന്ന പ്രാർത്ഥനയാണ്. ആത്മാവ് നിങ്ങളെ പൂർണ്ണമായി നിറച്ച് പ്രാർത്ഥനയിൽ ശക്തന്മാരായി നിർത്തുവാൻ ആഗ്രഹിക്കുന്നു.

ഹൃദയ നുറുക്കത്തോടെയുള്ള നിങ്ങളുടെ ഏറ്റു പറച്ചിലിനെ ദൈവം മനസിലാക്കുന്നു. പൗലൊസും പറയുന്നു, " വേണ്ടും വണ്ണം പ്രാർത്ഥിക്കേണ്ടത് എങ്ങനെയെന്ന് അറിയുന്നില്ല " (റോമ. 8:26). ഒടുവിൽ പൂർണ്ണമായി നിങ്ങളെത്തന്നെ സമർപ്പിച്ച് പൂർണ്ണമായി ദൈവത്തിന് വിട്ടുകൊടുക്കുക. നിങ്ങൾക്ക് ഓസ്വാൾഡ് ജെ.സ്മിത്ത് നോട് ചേർന്നു പറയാമോ, "അതെ ആ ഭാരം ആത്മാക്കൾക്ക് വേണ്ടിയുള്ള ഭാരം എത്ര വിചിത്രമായി ദൈവം നൂറ്റാണ്ടുകളിലൂടെ തന്റെ അഭിഷിക്തന്മാരെ ഉപയോഗിച്ചു! സൈന്യമായി ദൈവത്തോട് ചേർന്ന് ശക്തമായി പോരാടുവാൻ അവരുടെ അനുഭവങ്ങൾ എത്ര ശ്രേഷ്ടമായതാണ്.

ദൈവം നിങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്നത് സുവിശേഷത്തിന്റെ വെളിച്ചത്തിലൂടെ കർത്താവായ യേശുവിന്റെ രക്ഷണ്യ ശക്തിയെ നിങ്ങളുടെ പ്രാർത്ഥനയിലൂടെ വെളിപ്പെടുത്തുക എന്നതാണ്. വീണ്ടെടുപ്പിന്റെ പ്രവൃത്തിയിൽ ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥൻ ഒരുവൻ, അത് ക്രിസ്തു എന്ന മനുഷ്യനാണ് (1തിമൊ.2;5). എന്നാൽ ദൈവത്തിന് ഇന്ന് ആയിരക്കണക്കിന് മദ്ധ്യസ്ഥത ചെയ്യുന്ന മദ്ധ്യസ്ഥന്മാരെ ആവശ്യമുണ്ട്. നിങ്ങളുടെ ജയിക്കുന്ന പ്രാർത്ഥനയാൽ ഒന്നാമതായി കൃപാസനത്തിനും രണ്ടാമതായി ലോകത്തിന്റെ ആവശ്യത്തിനും പരിഹാരമാവുന്നു. മോശെ ചെയ്തു. യെശയ്യാവും യിരെമ്യാവും ദാനിയേലും ചെയ്തു. നിങ്ങൾ ചെയ്യുമോ? ലൂഥർ ചെയ്തു. വെസ്ലിയും വൈറ്റ് ഫീൽഡും ചെയ്തു. ഫിന്നിയും ബ്രയിനേർഡും ഹൈഡും ചെയ്തു. നിങ്ങൾ ചെയ്യുമോ?

ആത്മാവിന്റെ സഹായം

ഒന്നാമതായി, ദർശനം പ്രാപിക്കുക. ലോകത്തിലെ ആളുകളേയും അവരുടെ ആവശ്യങ്ങളേയും ദൈവസ്നേഹത്തിൽ കാണുവാൻ സഹായത്തിനായി പരിശുദ്ധാത്മാവിനോട് ചോദിക്കു. അപ്പോൾ നിങ്ങൾക്ക് മനസിലാകും എന്തിനാണ് നെഹെമ്യാവ് കരഞ്ഞത്, എന്തിനാണ് യെശയ്യാവും, യിരെമ്യാവും, പൗലൊസും കൂടെയുള്ളവരും കരഞ്ഞത്. അപ്പോൾ നിങ്ങൾക്ക് മനസിലാകും എന്തിനാണ് യേശു കരഞ്ഞത്. ലോകത്തിന്റെ

(ശേഷം 8-ാം പേജിൽ)

(7-ാംപേജിന്റെ തുടർച്ച)

പ്രാർത്ഥനയിൽ ശക്തന്മാരാകുക

വേദനയും അതിനെ എങ്ങനെയാണ് ദൈവത്തെ സ്വാധീനിച്ചതും എന്നു അറിയുവാൻ ആത്മാവിനോട് ചോദിക്കുക. അ പ്പോൾ നിങ്ങൾ കരയും നിങ്ങളുടെ ഹൃദയം കരയും, നിങ്ങൾ വേണ്ടുവോളം വിജയിക്കും, നിങ്ങളുടെ കണ്ണുകൾ കൂടെ നിറയും.

അടുത്തതായി, ആത്മാവിന്റെ സഹായത്തിനായി അപേക്ഷിക്കുക. ആത്മാവിന്റെ ശക്തിയില്ലാത്ത നിങ്ങളുടെ പ്രാർത്ഥന ശക്തിയില്ലാത്തതാണ്. നിങ്ങളുടെ ശക്തികുറഞ്ഞ വാക്കുകൾ ആത്മാവ് ശക്തീകരിക്കുമ്പോൾ അത് സർവ്വശക്തിയുള്ളതായിത്തീരും. ഇത് നിങ്ങൾക്കു വേണ്ടിയുള്ളതല്ല, നിങ്ങളുടെ ദൈവത്തിനായി ചെയ്യുവാൻ കഴിയുന്ന കാര്യമാണ് എന്ന് നിങ്ങൾ കാണും. ഇത് നിങ്ങൾക്ക് വേണ്ടി എത്ര അധികം പ്രാർത്ഥനയിലൂടെ നിങ്ങൾക്ക് ചെയ്യാൻ കഴിയും. ഇത് ആത്മാവായ ദൈവം നിങ്ങൾ ക്കുവേണ്ടി ചെയ്യുന്ന പ്രവൃത്തികൾ.

ആത്മാവ് നിറഞ്ഞവരായിരിപ്പിൻ. നിങ്ങൾ ആത്മാവിന്റെ നിറവ് പ്രാപിച്ചിട്ടില്ല എങ്കിൽ പ്രാപിക്കുക. നിങ്ങളുടെ ആത്മാവിനും ദൈവത്തിനും ഇടയിലുള്ള എല്ലാ ഇടർച്ചകളെയും മാറ്റുക. അറിയുന്ന എല്ലാ വഴികളിലും ദൈവത്തെ അ നുസരിക്കുക. പൂർണ്ണമായി ദൈവത്തിന് വിധേയരാവുക, സമർപ്പിക്കുക ആത്മനിറവിനായി പ്രാർത്ഥിക്കുക. ബദ്ധപ്പെടരുത്, ഉറച്ചുനിൽക്ക, നിങ്ങൾ പൂർണ്ണ സമർപ്പിതരാണെന്ന് ഉറപ്പു വരുത്തുക. എന്നിട്ട് ദൈവവചനത്തിന് ചെവികൊടുക്കുക, “ അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുക്കാനറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും ” (ലൂക്കോ. 11:13).

ആത്മാവ് നിറഞ്ഞവരായിരിപ്പിൻ. ആത്മാവിന്റെ സഹായത്താൽ വിശുദ്ധി കാത്തു സൂക്ഷിപ്പാൻ കഴിയും. എന്നാൽ ആത്മ ശക്തി പുതുക്കപ്പെടേണം. നിങ്ങൾ ദൈവത്തിനായി കാത്തിരിക്കും എങ്കിൽ ശക്തിയെ പുതുക്കും (യെശ. 40:31). അപ്പോസ്തല പ്രവൃത്തിയിൽ ആത്മാവു നിറഞ്ഞവരായി, പിന്നെയും ആത്മാ വിൽ നിറഞ്ഞു എന്നു വായിക്കുന്നു.

നിങ്ങളുടെ കാർ ഓടിക്കൊണ്ടിരിക്കു മ്പോൾ ഓരോ 100 കിലോമീറ്ററിലും പണി ചെയ്യുവാൻ ആവശ്യമില്ല, എന്നാൽ ഇന്ധനം തീരുന്നതിനു മുമ്പ് നിറച്ചേ മതിയാകൂ. ഒരു വിശുദ്ധിയുള്ള ആത്മാവ് തന്റെ സേവനത്തിനിടയിൽ വ്യത്യാസങ്ങൾ വരുവാനിടയായിത്തീരും. നമ്മുടെ ജീവിത പരിതസ്ഥിതിയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും. ഒരു ആത്മിക യുദ്ധം ആ സന്ദർഭങ്ങളിൽ അത്യാവശ്യമായിവേണ്ടി വരും.

തനിച്ചു ദൈവത്തോടുകൂടെ പോകുക. ദൈവത്തോട് ചോദിക്കുക. ദൈവത്തിനായി കാത്തിരിക്കുക. അവിടുന്ന് നിങ്ങളെ പിന്നെയും പിന്നെയും നിറയ്ക്കും. ആത്മാവിൽ പ്രാർത്ഥിക്കുവാൻ ആത്മനിറവിനായി കാത്തിരിക്കേണം. അവിടുത്തെ വചനത്തിൽ സന്തോഷിക്ക, അധ്യായത്തിനു മേൽ അധ്യായമായി. അവിടുത്തെ ആത്മാവിൽ നിറയുക. റ്റോറിയുടെ വാക്കുകൾ ഓർമ്മിക്കുക, “ പ്രാർത്ഥനയുടെ മുഴു രഹസ്യങ്ങളും ആ വചനത്തിൽ കാണാം. ആത്മാവിൽ ക്രൂശീകരണത്തിനു മുമ്പുള്ള പഠപ്പിക്കലുകളിൽ, യേശു തന്നെത്താൻ വെളിപ്പെടുത്തി, അവിടുത്തെ അനുഗാമികൾ, തന്റെ നാമത്തിൽ പ്രാർത്ഥിക്കുന്ന പ്രാർത്ഥനയുടെ ശക്തി, തന്റെ വചനത്തിലൂടെ നമ്മിൽ വസിക്കുന്നു, പരിശുദ്ധാത്മാവിന്റെ സഹായത്തിൽ. കർത്താവായ യേശുവിന്റെ വചനങ്ങൾ നിങ്ങളുടെ പ്രാർത്ഥനാ ജീവതത്തിൽ സത്യമല്ലേ? അങ്ങനെ ആയിരിക്കും. ദൈവകൃപയാൽ അങ്ങനെ ആയിരിക്കും. നിങ്ങളുടെ മനസിന്റെ തീരുമാനം പോ ലെ ക്രമീകരിക്കേണം. ആത്മിക അച്ചടക്കവുമുള്ള ജയിക്കുന്ന മദ്ധ്യസ്ഥ പ്രാർത്ഥന അവർക്കുണ്ടായിരിക്കും.

പ്രാർത്ഥനയുടെ ശക്തി അളവിനപ്പുറത്താണ്. ഇത് ശബ്ദത്തിന്റെ ഉന്നതിയിലല്ല, ഇത് കായികമായിട്ടുള്ളതോ വികാരപരമായ പ്രകടനങ്ങളോ അല്ല. ഇത് നിങ്ങളുടെ ആത്മാവിൽ പകർന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാണ്. നിങ്ങൾക്ക് പൗലൊസിന്റെ വാക്കുകളെ ഉദ്ധരിച്ച് പറയാൻ കഴിയുമോ, “അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടികൊണ്ട് അദ്ധ്വാനിക്കുന്നു”. (കൊലൊ.1:29). അവിടുന്ന് ശക്തിയായി നമ്മിൽ പ്രവർത്തിക്കുന്നു. അങ്ങനെ താൻ ശക്തിയോടെ പ്രാർത്ഥിക്കുന്നു. അവിടുന്ന് ഒരു അശുദ്ധ നിർബ്ബന്ധം നമുക്ക് തരുന്നു, അത് നമ്മെ മുഴങ്കാലിലേയ്ക്ക് നടത്തുമാറാക്കുന്നു.

ഈ വിശ്രമമില്ലാത്ത, തിരക്കുള്ള സന്ദർഭങ്ങളെ, ദൈവത്തിനു നൽകേണം എന്ന് ആരും പഠിപ്പിച്ചു തന്നിട്ടില്ല. നാം കർത്താവിനു വേണ്ടി പ്രാർത്ഥനയെക്കാൾ ഉപരി വേല ചെയ്യുന്നു. നാം പ്രാർത്ഥനയേക്കാളുപരി മറ്റു കാര്യങ്ങൾക്ക് സമയം ചെലവഴിക്കുന്നു. പ്രാർത്ഥനയേക്കാൾ ഉപരി റ്റി.വി.കാണുന്നതിന് സമയം ചെലവഴിക്കുന്നു. കർത്താവ് ഞങ്ങളോട് ക്ഷമിക്കട്ടെ. ബിഷപ്പ് ജെ.സി. റൈൽ പറയുന്നു. “ നാം ആത്മ ശക്തി ചെലവിടുന്നു, പുതുക്കാൻ മറന്നുപോകുന്നു. ധാരാളം കാര്യങ്ങൾ നാം പദ്ധതിയിടുന്നു. എന്നാൽ പ്രാർത്ഥനയെ ചുരുക്കുന്നു. പ്രാർത്ഥിക്കേണ്ട സമയത്ത് നാം വേല ചെയ്യുന്നു. തിരക്കേറിയ ജോലിയിൽ പ്രാർത്ഥനയെ കാര്യമാക്കുന്നില്ല. വേലക്കാർക്ക് വേലത്തിരക്ക് കാരണം പ്രാർത്ഥനയില്ല”.

എന്നാൽ നിങ്ങൾ അത് ചെറുക്കുക, ചില സന്ദർഭങ്ങളിൽ എന്റെ ഹൃദയം തണുത്തു പ്രാർത്ഥനയില്ലായ്മ വന്നിട്ടുണ്ട്. ആർ.എ റ്റോറി സാക്ഷീകരിക്കുന്നു, “ധാരാളം അനുഗ്രഹിക്കപ്പെട്ട സന്ദർഭങ്ങളിൽ പ്രാർത്ഥനയില്ലായ്മയും ചത്ത പ്രാർത്ഥനയുടെ അനുഭവവും ഉണ്ടായിട്ടുണ്ട്; എന്റെ നിസഹായവസ്ഥയും തണുത്ത അവസ്ഥയും ഞാൻ ദൈവത്തോട് പറഞ്ഞിട്ടുണ്ട്. ഞാൻ അവയെ എറിഞ്ഞു കളഞ്ഞിട്ട് ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സഹായത്തിനായും പ്രാർത്ഥനയിൽ എന്നെ പഠിപ്പിക്കേണ്ടതിന് ഞാൻ ദൈവത്തോട അപേക്ഷിച്ചിട്ടുണ്ട്, അവിടുന്ന് എന്റെ പ്രാർത്ഥനയ്ക്ക് മറുപടി തന്നിട്ടുണ്ട്.

ആൻഡ്രൂ മുറേ ഇപ്രകാരം എഴുതി, “ സ്വർഗ്ഗം ആത്മിക അനുഗ്രഹങ്ങൾ നിറഞ്ഞതാണ്. തന്നോട് ചോദിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ കൊടുക്കുവാൻ അവിടുന്ന് സന്തോഷിക്കുന്നു. പെന്തെക്കോസ്ത യുഗത്തിൽ നമ്മുടെ ജീവിതവും വേലയും പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ആശ്രയിച്ചായിരുന്നു പ്രവർത്തിച്ചത്. സ്വർഗ്ഗീയ അനുഗ്രഹങ്ങൾ വലിച്ചിറക്കുന്ന ശക്തിയായി പ്രാർത്ഥനയെ നിയോഗിച്ചിരിക്കുന്നു. ദൈവം ഇപ്പോഴും പുരുഷന്മാരെയും സ്ത്രീകളെയും പ്രാർത്ഥനയ്ക്കായി അന്വേഷിക്കുന്നു. കർത്താവിനു വേണ്ടി ചെയ്യുന്ന മറ്റുള്ളവേലയോട് ചേർന്ന്, പ്രാർത്ഥനയ്ക്ക് ഗൗരവം കൊടുത്തായിരിക്കുവാൻ അന്വേഷിക്കുന്നു. ❖

ഐക്യം പ്രാർത്ഥന - ഒരു ഉണർവ്വിന്റെ സംഘം

250 വർഷങ്ങൾക്ക് മുമ്പ്, കോപിഷ്ടരായ വഴക്കടിക്കുന്ന തന്നിഷ്ടക്കാരായിരുന്ന ഹസ് ലൂഥർ, കാൽവിൻ തുടങ്ങിയ ഉണർവ്വുകാരുടെ ഒരു ചെറിയ കൂട്ടം, മരണകരമായ പീഢകൾ നിറഞ്ഞ ആ ദിവസത്തിൽ, സിൻസൻഡോർഫ് എന്ന ധനികനായ ഒരു നല്ല മനുഷ്യന്റെ തോട്ടത്തിലെ ഒരു ചെറിയ വീട്ടിൽ അഭയം തേടി.

ലോകത്തിൽ നിന്നും വേർപെട്ട് അവർ ആയിരിക്കുമ്പോൾ, മതപരമായ പീഢകളിൽ ആരുണ്ട് അവരെ സംരക്ഷിക്കുവാൻ? കോപിക്കുന്ന ഈ ക്രിസ്ത്യാനികളെ വിശ്വാസത്തിലും സ്നേഹത്തിലും ഉൾക്കൊണ്ട് കാക്കുന്നത് സിൻസൻഡോർഫിന് വളരെ പ്രയാസമായിരുന്നു.

എന്നാൽ, “ അവർ പ്രാർത്ഥിച്ചു! ” 1727- ഓഗസ്റ്റ് മാസം 5-ാം തീയതി ആ ചെറിയ കൂട്ടം ഒരു രാത്രിയിൽ പ്രാർത്ഥനയിൽ ചെലവിട്ടു. ഇത് സഹോദരന്മാരുടെയിടയിൽ ഒരു ഉടമ്പടിക്ക് കാരണമായി, “ അവർ തീരുമാനിച്ച വിഷയങ്ങളെ ഊന്നിപ്പറയുവാൻ അവർ തീരുമാനിച്ചു ”. അഭിപ്രായ വ്യത്യാസങ്ങളെ കാര്യമായി എടുത്തില്ല. ഓഗസ്റ്റ് മാസം 12-ാം തീയതി കർത്താവായ യേശുക്രിസ്തുവിനുവേണ്ടി വേല ചെയ്യുവാൻ അവർ തീരുമാനിച്ചു, ഓരോരുത്തൻ അവരവരുടെ വിളിയും പദവിയും കാത്തു. പ്രാർത്ഥന ഹൃദയങ്ങളെ ഒന്നിച്ചു ചേർത്തു. പ്രാർത്ഥനയിൽ അവരെല്ലാവരും കർത്താവിനോട് കൂടുതൽ അടുത്തു വന്നു.

ഓഗസ്റ്റ് മാസം 13-ാം തീയതി ഒരു ഞായറാഴ്ച ദൈവത്തിന്റെ അനുഗ്രഹം ശക്തിയോടെ അവരുടെ മദ്ധ്യത്തിൽ ഇറങ്ങി വന്നു, പാസ്റ്ററും വിശ്വാസികളും നിലത്തിലെ പൊടിയോളം തങ്ങളെതന്നെ താഴ്ത്തി, അർദ്ധ രാത്രിവരെയും, പ്രാർത്ഥനയിലും, പാട്ടുപാടിയും, കണ്ണുനീരിലും സമർപ്പണത്തിലും ചെലവഴിച്ചു.

പ്രാർത്ഥന അവരെ ഐകമത്യപ്പെടുത്തി. പ്രാർത്ഥന പരിശുദ്ധാത്മാവിന്റെ കവിഞ്ഞൊഴുക്കിലേക്കു അവരെ നടത്തി. ഈ അനുഗ്രഹം അവരെ കൂടുതൽ പ്രാർത്ഥനയിലേക്ക് നയിച്ചു. ആഴമായ അനുഭവത്തിലേക്ക് നടത്തി. ആഗസ്റ്റ് മാസം 26-ാം തീയതി സ്ത്രീകളും പുരുഷന്മാരും അടങ്ങിയ ഒരു 24 അംഗ സംഘം, അർദ്ധ രാത്രി തുടങ്ങി അർദ്ധ രാത്രിവരെ നീണ്ടു നില്ക്കുന്ന 4 മണിക്കൂർ സമയം പ്രാർത്ഥിക്കാൻ ഒരു തീരുമാനമെടുത്തു. ഓരോരുത്തരും വ്യത്യസ്ത സമയങ്ങളിൽ പ്രാർത്ഥിക്കുവാൻ തീരുമനിച്ചു. അടുത്ത ദിവസം ഈ 24 മണിക്കൂർ പ്രാർത്ഥന ആരംഭിച്ചു, പ്രാർത്ഥന തുടർന്നു, തുടർച്ചയായി 100 വർഷങ്ങൾ പ്രാർത്ഥിച്ചു.

പ്രാർത്ഥന പ്രവൃത്തിയിലേക്ക് നടത്തുന്നു.

ബിഷപ്പ് ഹെയ്സ് ഇപ്രകാരം എഴുതുന്നു, “ സഭയുടെ ചരിത്രത്തിൽ അത്ഭുതകരമായ ഒരു പ്രാർത്ഥനയായിരിന്നു ഇത്, 1727-ൽ ആരംഭിച്ചു, നൂറു വർഷങ്ങൾ പ്രാർത്ഥന തുടർന്നു.

അത്തരത്തിലുള്ള പ്രാർത്ഥന അതിന്റെ പ്രവൃത്തിയിലേക്ക് നടത്തി, അനേകരുടെ രക്ഷയ്ക്ക് ഇത് കാരണമാക്കി. വിദേശ മിഷൻ പ്രവചനങ്ങൾക്ക് ആരംഭം കുറിച്ചു. 25 വർഷത്തിനകം ഗ്രാമത്തിൽ നിന്നും നൂറിലധികം കർത്താവിന്റെ വേലക്കാർ പുറത്തേക്ക് പോയി.

ഇത് നേതാവില്ലാത്ത സമൂഹത്തിന്റെ ഹൃദയങ്ങളുടെ ഐക്യതയാണ്. നേതാവില്ലാത്ത പ്രാർത്ഥനയുടെ ഫലമുണ്ടായി. ഈ പ്രാർത്ഥനയുടെ ഉണർവ്വിന്റെ കാരണത്താൽ “ വ്യക്തികളോട് കൂടെ വ്യക്തിപരമായ വേല ” നിലവിൽ വന്നു. ഈ പ്രാർത്ഥന വലിയൊരു ഉണർവ്വായി മാറി. ഈ ശക്തമായ പരിശുദ്ധാത്മാവിന്റെ സ്നാനം ഒഴുകി ഈ തലമുറയിലേക്ക് വന്നു, വിശ്വസ്തതയോടുകൂടെയുള്ള ശക്തമായ പ്രാർത്ഥന. ഈ ചെറിയ ഗ്രാമത്തിൽ നിന്നും മൊറെവിയൻ മൂവ്മെന്റെ എന്ന സുവിശേഷീകരണ പ്രസ്ഥാനം ലോകമൊക്കെയും പോയി, സുവിശേഷത്തിന്റെ അഗ്നി ലോകമെമ്പാടും കത്തിച്ചു.

1736-ൽ അവരിൽപ്പെട്ട ഒരു ഗ്രൂപ്പ് ഒരു കപ്പലിൽ അമേരിക്കയിലേക്ക് പോയി. ആ കൂട്ടത്തിൽ രണ്ട് ആംഗ്ലിക്കൻ മിഷ്യനറിമാരും ഉണ്ടായിരുന്നു. ആ യുവ മിഷ്യനറിമാർ സഞ്ചരിക്കുന്ന കപ്പൽ അപകടത്തിൽ പെട്ടു. ഈ സംഭവത്തെക്കുറിച്ചു ജോൺ വെസ്ലി തന്റെ സഞ്ചാര വാർത്തകളിൽ ഇപ്രകാരം എഴുതി:

“ 7-ാം തീയതി ഞാൻ മെറേവിയൻ മിഷ്യനറി മൂവ്മെന്റിലേക്ക് പോയി. അതിനു മുമ്പ് തന്നെ അവരുടെ പെരുമാറ്റത്തെക്കുറിച്ച് ഞാൻ മനസ്സിലാക്കിയിരുന്നു. മറ്റ് സഞ്ചാരികളോടുള്ള അവരുടെ സമീപനം, കരുതൽ, അവരിൽ നിന്നും ഒരു പ്രതിഫലവും അവർ വാങ്ങിയില്ല, അത് തങ്ങളുടെ പദവിയെന്ന വർ കരുതി, തങ്ങളുടെ സ്നേഹമുള്ള കർത്താവ് അവർക്ക് പ്രതിഫലം കൊടുക്കും എന്നവർ കരുതി.

“ തങ്ങളുടെ താഴ്മയെ വെളിപ്പെടുത്തുന്ന അവസരങ്ങളായി, ആർക്കും ദോഷം ചെയ്യാതെ അവർ കാണപ്പെട്ടു. അവരെ തള്ളിയിടുകയോ ഉപദ്രവിക്കുകയോ ചെയ്താൽ ആരോടും പരാതി പറയാതെ എഴുന്നേറ്റു പോകും. ഭയത്തിന്റെ ആത്മാവിൽ നിന്നും വിടുതൽ പ്രപിച്ചവരാണെന്നും, അഹങ്കാരം, ദേഷ്യം, കോപം എന്നിവ ഇല്ലാത്തവരാണെന്ന് തെളിയിക്കാൻ കിട്ടിയ അവസരം ആണ് ഇത് എന്നുള്ള മട്ടിൽ അവർ കാണപ്പെടുന്നു.

സങ്കീർത്തന പ്രകാരം തങ്ങളുടെ സേവനം ആരംഭിക്കുന്നു, സമുദ്രം വിഭാഗിക്കപ്പെട്ടു, കപ്പലുകളെ തകർക്കുന്നു, കപ്പലുകളെ സംരക്ഷിക്കുന്നു, ആഴങ്ങളിൽ നിന്നും ചിലതിനെ ഉയർത്തുന്നു. ഒരു നിലവിളി നമ്മുടെയിടയിൽ ഉണ്ടാകുന്നു. മൊറെവിയൻ ആളുകൾ ശാന്തമായി പാടുന്നു.

“ അതിന്റെ ശേഷം ഞാൻ അവരിലൊരാളോട് ചോദിച്ചു: നിങ്ങൾക്ക് ഭയം തോന്നുന്നില്ലേ? ” അയാൾ മറുപടി പറഞ്ഞു, “ ഇല്ല, ഞാൻ ദൈവത്തിന് നന്ദി പറയുന്നു. ഞാൻ വീണ്ടും ചോദിച്ചു, നിങ്ങളുടെ സ്ത്രീകളും കുഞ്ഞുങ്ങളും പേടിക്കില്ലേ? അദ്ദേഹം മറുപടി പറഞ്ഞു, ഇല്ല, ഞങ്ങളുടെ സ്ത്രീകളും കുഞ്ഞുങ്ങളും മരണത്തെ ഭയപ്പെടുന്നില്ല ”.

അദ്ദേഹം ഇംഗ്ലണ്ടില്കേകു തിരിച്ചു പോയിട്ട്, വെസ്ലി ഇപ്രകാരം എഴുതി: “ ഞാൻ അമേരിക്കയിലേക്ക് പോയി, ചില ഇന്ത്യാക്കാരെ മാനസാന്തരത്തിലേക്ക് നടത്തുവാൻ: എന്നാൽ, അതെ, ആർ എന്നെ മാനസാന്തരത്തിലേക്ക് നയിക്കും? ഈ അവിശ്വാസമുള്ള ദുഷ്ടഹൃദയമുള്ള എന്നെ, ആർ, വിടുവിക്കും. എനിക്ക് നല്ല ഒരു മതമുണ്ട്. എനിക്ക് നന്നായി സംസാരിപ്പാൻ കഴിയും.

(9-ാംപേജിന്റെ തുടർച്ച)

ഐക്യം പ്രാർത്ഥന .....സംഘം

മരണം എന്നെ പിടിപ്പാൻ ഒരുങ്ങി നില്ക്കുമ്പോൾ, എന്റെ ആത്മാവ് ഉള്ളിൽ ഭാരപ്പെട്ടിരിക്കുമ്പോൾ എനിക്ക് പ്രശ്നമില്ല. ഞാൻ പറയും, “ മരിക്കുന്നത് എനിക്ക് ലാഭം”.

വെസ്ലി പ്രകാശിക്കുന്നു

ജോൺവെസ്ലി എന്ന ചെറുപ്പക്കാരൻ, ഇംഗ്ലണ്ടിലെ സഭയുടെ ആത്മീയ മന്ദത കണ്ടിട്ട് തന്റെ ഹൃദയം ചൂടുപിടിച്ചു. ഒരു ചെറിയകൂട്ടം ജനം ഒരു മൊറെവിയൻ മിഷ്യനറിയാൽ ഉണർത്തപ്പെട്ടു, അവർ ലണ്ടനിലുള്ള ആൾഡേഴ്സ് തെരുവിൽ, 1738 മെയ് മാസം 24-ാം തീയതി ഒരു യോഗം ക്രമീകരിച്ചു.

വെസ്ലി ആ യോഗത്തിൽ സന്നിഹിതനായി. അതൊരു പ്രാർത്ഥനാ യോഗമായിരുന്നു. ഇവിടെ “ അദ്ദേഹത്തിന്റെ ഹൃദയം ചൂടുപിടിച്ചു ” അദ്ദേഹം കർത്താവിൽ ആശ്രയിച്ചു, മനുഷ്യന്റെ രക്ഷയ്ക്ക് ക്രിസ്തു മാത്രമാണ് രക്ഷകൻ, ക്രിസ്തു ജനിച്ചത് തന്റെ മരണത്തിലൂടെ പാപം പോക്കി രക്ഷിക്കുവാനും ന്യായപ്രമാണത്താലുള്ള മരണഭയം നീക്കി എന്നുള്ള ഉറപ്പ് താൻ പ്രാപിച്ചു. ആ ചെറിയ കൂട്ടത്തിന്റെ പ്രാർത്ഥന വളരെ ആത്മ പ്രേരകമായിരുന്നു.

ജോൺ വെസ്ലിയുടെ മാനസാന്തരത്തെക്കുറിച്ച് “ധാർമ്മികതയുടെ ചരിത്രം” എന്ന പുസ്തകത്തിൽ ലെക്കി എന്ന ദൈവദാസൻ ഇങ്ങനെ എഴുതിയിരിക്കുന്നു, “ ആൾഡേഴ്സ് ഗേറ്റ് തെരുവിൽ നടന്ന ആ ചെറിയ പ്രാർത്ഥനാ യോഗത്തിൽ കൊച്ചു മുറിയിൽ നടന്ന ആ പ്രാർത്ഥന ഇംഗ്ലണ്ടിനെ ആകെ മാറ്റി മറിച്ചു. വിശ്വാസത്താലുള്ള രക്ഷ എന്ന ഉപദേശം ആ പ്രാർത്ഥനയോഗത്തിൽ ആരംഭം കുറിച്ചു.

എന്നാൽ അടുത്ത പ്രാർത്ഥനാ യോഗം ആ വർഷത്തിന്റെ അവസാനം നടന്നു. വെസ്ലി ഇങ്ങനെ എഴുതുന്നു: “ വെളുപ്പിനു മൂന്നു മണിക്ക് (ജനുവരി 1, 1739) ഞങ്ങൾ പ്രാർത്ഥന തുടരുമ്പോൾ, കർത്താവിന്റെ ആത്മാവ് ശക്തിയോടെ ഞങ്ങളുടേമേൽ വന്നു. അടക്കാനാവാത്ത സന്തോഷത്താൽ പലരും നിലവിളിച്ചു, പലരും നിലത്തു വീണു. പെട്ടെന്ന് അത്ഭുത സാന്നിദ്ധ്യം ഇറങ്ങി, ഒരേ ശബ്ദത്തിൽ വിളിച്ചു പറഞ്ഞു. ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു, ഞങ്ങളുടെ കർത്താവും രക്ഷിതാവുമായി അങ്ങയെ ഞങ്ങൾ ഏറ്റുകൊള്ളുന്നു ”.

തുടർന്ന് 50 തിലധികം അന്വേഷകർ അടങ്ങുന്ന ഒരു സമൂഹമായി. “ അടുത്ത ദിവസം” F.B മേയർ എഴുതുന്നു പരിശുദ്ധാത്മാവിന്റെ ശക്തിയോടെ ഞങ്ങൾ പ്രസംഗിപ്പാൻ തുടങ്ങി. 40 വർഷക്കാലം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നെടുകെയും കുറുകെയും സഞ്ചരിച്ച് എതിരുകളേയും പ്രതികൂലങ്ങളെയും വകവയ്ക്കാതെ പ്രസംഗിച്ചു. വെസ്ലിയും വൈറ്റ് ഫീൽഡും ചേർന്ന് അനുഗ്രഹിക്കപ്പെട്ട യോഗങ്ങൾ നടത്തി. എന്നാൽ, അവർ ശക്തിയോടെ, പരിശുദ്ധാത്മാവിന്റെ ശക്തിയോടെ പ്രസംഗിച്ചു. നിർബ്ബന്ധപൂർവ്വമായ, വിശ്വസ്തതയോടുകൂടിയ, തുടർച്ചയായ പ്രാർത്ഥനയിൽ അവർ പോരാടി. ❖

മേരി മോൺസനും ദൈവത്തിന്റെ വിശ്വസ്ഥതയും

(ഭാഗം -1)

മേരിമോൺസൻ, ഒരു നോർവേജിയൻ മിഷ്യനറി, 1927-കളിൽ വടക്കൻ ചൈനയിൽ ദൈവത്താൽ ഉപയോഗിക്കപ്പെട്ട ഒരു പ്രധാന ഉപകരണം. അനേക വർഷങ്ങൾ കഷ്ടതകൾ സഹിച്ച് ചൈനയിലൂടനീളം കർത്താവിനാൽ ഉപയോഗിക്കപ്പെട്ട ഒരു ദൈവദാസി. തന്റെ പ്രാർത്ഥനകളിൽ ഒന്നായ, തന്റെ വേലതികച്ച് വീട്ടിൽ പോകുന്നതുവരെ കൊള്ളക്കാരുടെ കയ്യിൽ നിന്നും വിടുവിച്ചു സംരക്ഷണമെന്നുള്ള പ്രാർത്ഥന. ധാരാളം സന്ദർഭങ്ങളിൽ കൊള്ളക്കാരുടെ വീട്ടിൽ പോകുന്നതുവരെ കൊള്ളക്കാരുടെ കൈകളിൽ എത്തിപ്പെടുകയും ആ സന്ദർഭങ്ങളിലൊക്കെയും വിടുതലുകൾ അനുഭവിക്കുകയും ചെയ്ത അനുഭവങ്ങൾ അവർക്കുണ്ടായിട്ടുണ്ട്. 1929-ൽ ഒരിക്കൽ ചൈനയിലെ കൊള്ളക്കാർ അവരെ പിടിച്ച് 23 ദിവസങ്ങൾ അവരുടെ കയ്യിൽ വച്ചിരുന്ന ഘോരമായ ഓർമ്മകൾ അവരുടെ ജീവിതത്തിലുണ്ട്. അനേകം പ്രാവശ്യം അവർ കൊള്ളക്കാരുടെ കൈകളിൽ അകപ്പെടുകയും അവിടെ നിന്നെല്ലാം അത്ഭുതകരമായി ദൈവം അവരെ വിടുവിച്ച് കർത്താവിനായി വിശ്വസ്തയായി നില്ക്കുവാൻ അവരെ ശക്തിപ്പെടുത്തിയ വിവരങ്ങൾ അവർക്കു പങ്കു വയ്ക്കുവാനുണ്ട്.

1929 ആദ്യം, ചൈനയിലെ ഷാൻസി പ്രവിശ്യകളിൽ ചെയ്ത കഠിനമായ കഷ്ടതകൾ സഹിച്ചുള്ള പ്രവർത്തനങ്ങൾക്കൊടുവിൽ, ഞാൻ പെക്കിംഗ് എന്ന സ്ഥലത്തേയ്ക്ക് യാത്ര ചെയ്തു. എന്റെ പദ്ധതിയെന്നത് 10 ദിവസം വിശ്രമിക്കുക എന്നതായിരുന്നു. ഒരു മനസോടും ഒരേ ഹൃദയത്തോടും ഒരു ഉണർവ്വിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന ചില അമേരിക്കൻ സഹോദരങ്ങളുടെ ക്ഷണപ്രകാരം പ്രതീക്ഷയോടെ ഏപ്രിൽ 22-ാം തീയതി ഷാൻടംഗിലേയ്ക്ക് പോയി. അവരുടെ പ്രാർത്ഥനയ്ക്ക് പിന്നീട് മറുപടിയുണ്ടായി, ഞാൻ വ്യക്തിപരമയി സഞ്ചരിച്ച ആ പ്രദേശങ്ങളിൽ മറ്റു സ്ഥലങ്ങളിൽ ഉണ്ടായതിലധികം ദൈവപ്രവൃത്തികൾ എനിക്ക് കാണാൻ കഴിഞ്ഞു.

പത്തു ദിവസത്തെ സന്ദർശനം ഞാൻ കുറച്ചു ദിവങ്ങൾ ആയി ചുരുക്കി, കാരണം, തുടർന്നുള്ള യാത്രയ്ക്കും ചെയ്യുവാനിരിക്കുന്ന വേലക്കും വേണ്ടി പ്രാർത്ഥിക്കുവാൻ, ഓരോ ദിവസവും ഞാൻ ഈ വാക്കുകൾ കേട്ടു: 19-ാം തീയതി ബോട്ട് സർവ്വീസ് ഉണ്ടെങ്കിൽ അന്ന് കടന്നു പോകാം എന്ന് ചിന്തിച്ചു. മറുപടി എനിക്ക് ടെലഗ്രാം വഴി വന്നു, “ വരിക ”. മണിക്കൂറുകളുടെ വ്യത്യാസത്തിൽ 18-ാം തീയതി ഉച്ചക്ക് ഞാൻ ടൻസിൽ ആയിരുന്നു, അവിടെ ചൈനീസ് ഇൻലന്റ് മിഷൻ ഹോമിലായിരുന്നു. ഞാൻ അവിടെ എത്തിയപ്പോൾ എനിക്ക് അറിവ് കിട്ടി. അന്ന് ബോട്ട് പോകുന്നുണ്ട്, എന്നാൽ എല്ലാ ബർത്തുകളും ബുക്ക് ചെയ്തു പോയി എന്ന് പറഞ്ഞു.

എന്റെ ചിന്ത ഇങ്ങനെയായിരുന്നു. ഞാൻ ആ ബോട്ടിൽ യാത്രയാകുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് എനിക്ക് ഒരു ബർത്തു കരുതും, അല്ല എങ്കിൽ, ഞാൻ കുറച്ചു കാലം ടിയെൻട്സിൽ ചെലവഴിക്കുന്നത് അവിടുത്തെ ഇഷ്ടം.

(ശേഷം 11-ാം പേജിൽ)

(10-ാം പേജിന്റെ തുടർച്ച)

മേരി മോൺസനും. .....വിശ്വസ്തതയും

ഉച്ചയ്ക്ക് ശേഷം വേറൊരു സുഹൃത്ത് എന്നോട് പറഞ്ഞത് എനിക്കു വേണ്ടി തന്റെ സീറ്റൊഴിഞ്ഞു തരാം, സാധാരണ ടിക്കറ്റിന്റെ വില കൊടുത്താൽ മതി എന്നു പറഞ്ഞു. എനിക്ക് വേണ്ടി സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ കരുതൽ ആയിരുന്നു എന്ന ഞാൻ മനസിലാക്കി.

അധികം താമസിയാതെ കുറച്ച് ആപ്പിളുകൾ വാങ്ങിക്കുക എന്ന് ആവർത്തിച്ചു ആരോ എന്നോട് പറഞ്ഞു കൊണ്ടിരുന്നു. എന്നാൽ ഞാൻ ചിന്തിച്ചു, " എനിക്ക് വേണ്ടുന്നിടത്തോളം സാധനങ്ങൾ എന്റെ പക്കലുണ്ട്. യാത്ര 15 മണിക്കൂർ നേരത്തേയ്ക്കേ ഉള്ളൂ.

എന്നാൽ ആപ്പിളിനെക്കുറിച്ചുള്ള ചിന്ത എനിക്ക് സമാധാനം തരുന്നില്ല. ഒരു പക്ഷേ ചില രോഗികൾ അവിടെയുണ്ടാകാം, എന്നു ഞാൻ ചിന്തിച്ചു; ആ ചിന്തയോടു കൂടി ഞാൻ പുറത്തേക്കിറങ്ങി 2 കിലോഗ്രാമോളം ആപ്പിൾ വാങ്ങി.

അടുത്ത പ്രഭാതത്തിൽ, ഏപ്രിൽ 19, ഞാൻ പ്രാർത്ഥിക്കുമ്പോൾ യാത്രക്കാവശ്യമായ പണം മാത്രം കയ്യിൽ സൂക്ഷിച്ചശേഷം ബാക്കി പണം മുഴുവൻ ടിയൻഡ്സിൻ-ൽ നിക്ഷേപിക്കുക എന്ന നിയോഗമുണ്ടായി. അങ്ങനെ ഞാൻ ചെയ്തു.

ഞങ്ങളുടെ വഴി യാത്രയിൽ

ഏകദേശം 11 മണിക്ക് ഒരു ഇംഗ്ലീഷ് മിഷ്യനറി എന്നോട് ഒപ്പം യാത്രയ്ക്കുണ്ടായിരുന്നു. 12 മണിക്ക് പുറപ്പെടും എന്നുള്ള അറിവ് ഞങ്ങൾക്ക് കിട്ടി. ഒരാൾ എന്നോട് പറഞ്ഞു: " ഒരു രാത്രി ഇവിടെ ചെലവഴിക്കുന്നത് നിങ്ങളെ സംബന്ധിച്ചിടത്തോളം അത് നല്ല കാര്യമാണ് ". ഒരിക്കലും ഇതിനെ ഒരു മുറി എന്ന് പറകയില്ല. അതിന് ശേഷം ഒരു അമേരിക്കക്കാരൻ ഒരു സുഹൃത്ത് ഇതിനെ കാണുവാനിടയായി. ഇത് ഒരു പഴയ പിയാനോപെട്ടി പോലെയാണ്.

ആ സമയം ഞങ്ങൾ താഴെത്തട്ടിലേക്ക് ഇറങ്ങി തീകായുവാനായി വന്നു. ഏകദേശം എല്ലാ സമയവും ഞാൻ ട്രാക്ക്റ്റ് വിതരണം ചെയ്യും ആളുകളോട് സംസാരിച്ചുംകൊണ്ട് ഉള്ളിൽ തന്നെ ആയിരുന്നു.

മൂന്ന് വ്യക്തികളെ ഞാൻ പ്രത്യേകാൽ ശ്രദ്ധിച്ചു. ഞാൻ ഹോനാനിലുള്ള കൊള്ളക്കാർ ഉൾപ്പെട്ട ആ പ്രവിശ്യയിലായിരുന്നെങ്കിൽ ഞാൻ ചിന്തിക്കുമായിരുന്നു, അവരും ആ കൊള്ളക്കാർ എന്ന്. എന്നാൽ ഇവിടെ ഇത് ടിയൻസിൻ ആണ്, സംസ്കാരം ഉള്ളവരുടെ നാടല്ലേ? അവർ അങ്ങനെയാകാൻ വഴിയില്ല.

എന്നാൽ അവർ ആരാണ്! ആകെ 20 പേരായിരുന്നു ടിയൻസിൽ-ൽ നിന്നും യാത്രയിലുണ്ടായിരുന്നത്. ട്രാക്ട് കൊടുക്കുന്ന കൂട്ടത്തിൽ അവർക്കു ട്രാക്ട് കൊടുത്തിരുന്നു.

സന്ധ്യക്ക് വളരെ താമസിച്ച് ഞങ്ങൾ പുറത്തേക്ക് വന്നു. വളരെ കാറ്റുള്ള പ്രതികൂലകാലാവസ്ഥയായിരുന്നു അവിടെ നല്ല വേഗതയുണ്ടായിരുന്നു; അടുത്ത ദിവസം പ്രഭാതമായി, അങ്ങകലെ ഷാൻടംഗ് തീരം ഞങ്ങൾ കണ്ടു.

കള്ളന്മാരുടെ കയ്യിൽ

ഞങ്ങളിൽ ആരും അവരെ ശ്രദ്ധിച്ചില്ല, രണ്ട് ഭീകരൻ നിറതോക്കുകളുമായി ബോട്ട് ഡ്രൈവറുടെ അടുക്കൽ എത്തി, തെക്ക് കിഴക്കായി യാത്ര ചെയ്യേണ്ടതായ ഞങ്ങളെ തെക്കു പടിഞ്ഞാറായി വഴി തിരിച്ചു വിട്ടു. അവരുടെ ഇഷ്ടത്തിന് വഴങ്ങേണ്ടി വന്നു. ഞങ്ങളുടെ യാത്ര തോക്കു ധാരികളുടെ നിയന്ത്രണത്തിലായി, ഞങ്ങൾ കൊള്ളക്കാരുടെ കൈകളിലാണ് എന്നറിഞ്ഞു.

ഉടനെ ഒരു മന്ദസ്വരം എന്റെ കാതുകളിൽ കേട്ടു: "ഇത് നിന്റെ വിശ്വാസത്തിന്റെ പരിശോധനയാണ് ", ഇതു കേട്ടപ്പോൾ എന്റെ ഉള്ളിൽ ധൈര്യമുണ്ടായി, യാത്രയിൽ ദൈവം കൂടെയുണ്ടല്ലോ എന്ന ധൈര്യമുണ്ടായി. അവിടുന്ന് എന്നോട് അടുത്തുണ്ട് എന്ന ചിന്ത ഈ സന്ദർഭത്തിൽ എനിക്കുണ്ടായി.

കൂടുതൽ കൊള്ളക്കാർ പിന്നീട് ബോട്ടിലേക്ക് വന്നു, 60-ൽ അധികം ആളുകൾ ആ കൂട്ടത്തിലുണ്ടായിരുന്നു. ഇത് അവരുടെ സ്ഥിരം ശക്തിയാണ്. അവർ വലിയ പ്രശ്നമുണ്ടാക്കി.

ആദ്യം ഒരു വാക്യം എനിക്കു കിട്ടി, യെശ. 41:10 എനിക്കു അത്യാവശ്യമുള്ള വചനമായിരുന്നു അത്. ഞാൻ ഉച്ചത്തിൽ ഇരുവിട്ടു കൊണ്ടിരുന്നു. " മേരി നീ ഭയപ്പെടേണ്ട, ഞാൻ നിന്നോട് കൂടെയുണ്ട്; മേരി നീ അധൈര്യപ്പെടേണ്ട, ഞാൻ നിന്റെ ദൈവം ആകുന്നു: മേരി ഞാൻ നിന്നെ സഹായിക്കും, ഞാൻ നിന്നെ ശക്തീകരിക്കും; മേരി, അതെ, എന്റെ നീതിയുള്ള വലങ്കൈ കൊണ്ട് ഞാൻ നിന്നെ താങ്ങും".

വളരെ നാളുകൾക്ക് മുമ്പ്, ഞാൻ ഹോനാൻ പ്രവശ്യകളിൽ താമസിക്കുമ്പോൾ, ദൈവം എന്നോട് പറഞ്ഞു, ഭയപ്പെടേണ്ട, ഞാൻ മറുപടി പറഞ്ഞു: "ഞാൻ അങ്ങയെ അനുസരിക്കും, കർത്താവേ, ഞാൻ ഭയപ്പെടുകയില്ല".

പെട്ടെന്ന് എല്ലാ വാതിലുകളും തുറന്നു യാത്രക്കാരോട് പുറത്തേയ്ക്ക് പോകുവാൻ പറഞ്ഞു. ഞാനും അതു കേട്ടു. അവരവരുടെ സാധന സാമഗ്രികൾ അവിടെത്തന്നെ വച്ചിട്ട് പുറത്തേയ്ക്കിറങ്ങുവാൻ അവർ പറഞ്ഞു. സമുദ്രം വളരെ കലുഷിതവും, ഉയർന്നു പൊങ്ങുന്ന തിരമാലകളും ആയിരുന്നു. എന്റെ ഡോറിലും അവർ മുട്ടി. " എന്റെ വാതിലിൽ കുഞ്ഞാടിന്റെ രക്തം തളിക്കപ്പെട്ടിരുന്നു. ആ സമയം ഒരു മനോഹരഗാനം എന്റെ ഹൃദയത്തിൽ ഓർമ്മയുണ്ടായിരുന്നത് ഞാൻ പാടിക്കൊണ്ടിരുന്നു.

വീണ്ടും വീണ്ടും പുറത്തേക്കിറങ്ങുവൻ അവർ മുട്ടിക്കൊണ്ടിരുന്നു. ഞാൻ അവിടത്തന്നെ ആയിരുന്നു. ഞാൻ അതിനെ ദൈവകരങ്ങളിൽ ഏല്പിച്ചിരുന്നു, ഞാൻ അതിനുള്ളിൽ തന്നെ ആയിരുന്നു. ഞാൻ പുറത്തിറങ്ങിയിരുന്നു എങ്കിൽ മറ്റു യാത്രക്കാരോടൊപ്പം ഞാൻ അവരുടെ കൈകളിൽ ഏല്പിക്കപ്പെടുമായിരുന്നു. നൂറു കണക്കിനാളുകൾ അവിടെയുണ്ടായിരുന്നു. ക്രിസ്ത്യാനിയായിട്ടും വിദേശിയായിട്ടും ഞാൻ മാത്രം.

വാതിലിൽ മുട്ടുന്ന ഓരോ അലർച്ചകൾക്കും നടുവിൽ ഒരു വിലപ്പെട്ട വാഗ്ദത്തം എനിക്ക് കിട്ടി. പുതുമയോടും ശക്തിയോടും, മഴപോലെ പെയ്തുകൊണ്ടിരുന്നു. ഞാൻ അവയെ സ്വീകരിച്ചു, ദൈവത്തിന് നന്ദി പറഞ്ഞു. ഓരോ ദിവസവും ആവശ്യമായ ബലവും ധൈര്യവും എനിക്ക് ലഭിച്ചുകൊണ്ടിരുന്നു. ഞാൻ എന്നിൽ തന്നെ മന്ത്രിക്കുവാൻ ഇടയായി ഒരു നന്ദി നിറഞ്ഞ ഹൃദയത്തോടെ. ❖

മുട്ടിന്മേൽ വേല തികയ്ക്കുന്നു

By Lois J Stucky

ആഗമനദൂതൻ വായിക്കുന്ന മിക്ക ആളുകളും പാകതയുള്ള വിശുദ്ധരാണ്, പ്രാർത്ഥനയിലും വിശ്വാസത്തിലും ശക്തന്മാരുമാണ്. മുഴങ്കാലിന്മേൽ നിന്നു തുടർച്ചയായി പ്രാർത്ഥിക്കയും വിശ്വാസമുള്ള ഹൃദയത്തോടുകൂടി നിങ്ങളുടെ ഹൃദയങ്ങളെ ദൈവമുമ്പാകെ പകരുകയും ദൈവരാജ്യത്തിന്റെ മഹത്വത്തിനായി ജീവിക്കയും വേണം. ഈ വചനത്താൽ അവിടുന്ന് നമ്മെ ധൈര്യപ്പെടുത്തുന്നു; " ഞാൻ സകല ജഡത്തിന്റെയും ദൈവമായ യഹോവയാകുന്നു; എനിക്ക് കഴിയാത്ത വല്ല കാര്യവുമുണ്ടോ? " (യിരെ. 32:27). സുവിശേഷവുമായി ലോകമൊക്കെയും പോകുന്ന ജോലി പൂർത്തീകരിക്കുവാനുള്ള നാളുകൾ ആസന്നമായി. നിങ്ങളെയും ദൈവത്തിനാവശ്യമുണ്ട്. നിങ്ങൾക്കും കൊയ്ത്തിന്റെ വേലയിൽ പങ്കാളികളാവാം.

നമ്മുടെ ആദ്യത്തെ പ്രാർത്ഥന നമുക്കു ഓരോരുത്തർക്കും ആവശ്യമുണ്ട്, ശക്തിയായ പ്രാർത്ഥന, അതിലേക്ക് നമ്മെ നടത്തുകയാണ്. നമ്മുടെ വായാൽ അതു ഏറ്റുപറയേണം, അല്ലാതെ ഒന്നും ചെയ്യുവാൻ കഴിയുകയില്ല. ഇത് ദൈവസ്നേഹമാണ്, അത് പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിലേക്ക് ഒഴുകി, ആത്മഭാരമുള്ളവരായി പ്രാർത്ഥനയ്ക്കായി നമ്മെ ഒരുക്കുന്നു. നാം അച്ചടക്കമുള്ളവരായി, നമ്മുടെ തിരക്കേറിയ ജീവിതത്തിൽ പ്രാർത്ഥനയ്ക്കായി സമയം വേർതിരിക്കുന്നു. അപ്പുറത്തു പോരാട്ടം തുടരുന്നു, നമ്മുടെ പ്രാർത്ഥനയെ തടസം ചെയ്യുന്ന, പിന്തിരിപ്പൻ ശക്തികൾ ശക്തിയായി അതിന് പദ്ധതിയിട്ട് പോരാടുകയത്രേ ചെയ്യുന്നത്.

നമുക്കു ചുറ്റുമുള്ള ശക്തികൾ, കടുംബത്തിനടുത്തുള്ളവരും പ്രിയപ്പെട്ടവരുമാണ്, അവരും നമ്മുടെ പ്രാർത്ഥന ആവശ്യപ്പെടുന്നവരും ആണ്. അനേകർ സഭയിലുള്ളവരും ആത്മീയ ജീവിതം നഷ്ടപ്പെട്ടവരും പിന്മാറ്റക്കാരുമാണ്. നമ്മുടെ സമൂഹം, ഹൃദയസ്പർശിയായി നമ്മുടെ പ്രാർത്ഥന ആവശ്യമുള്ളവരും ആത്മാവിന്റെ ഇടപെടൽ ജീവിതത്തിൽ ആഗ്രഹിക്കുന്നവരും ആണ്. പ്രാർത്ഥനയ്ക്ക് ഒരു പ്രത്യേക മുറി ആവശ്യമാണ്, വിശാലമായ ഒരു ജനത്തിന്റെ കഷ്ടങ്ങളും പ്രയാസങ്ങളും കണ്ടില്ല എന്ന് നടിക്കുവാൻ, ശത്രു നമ്മുടെ കണ്ണുകളെ കുരുടാക്കും, അല്ലെങ്കിൽ സത്യത്തെയോ മഹത്വമേറിയ സുവിശേഷദൂതുകളെയോ കേൾക്കുവാൻ കഴിയാതെ അവരുടെ കാതുകളെ അടയ്ക്കും.

നമ്മുടെ കാഴ്ചപ്പാട് വിശാലത പ്രാപിച്ച് ദൈവനാമമഹത്വത്തിനായി രാജ്യങ്ങളെ എനിക്ക് തരേണമേ എന്ന് പറയേണ്ടയോ? ദൈവത്തിന്റെ പൂർണ്ണ അളവിലുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം. സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും എന്ന് യോവേൽ പ്രവാചകൻ മുഖാന്തര അരുളിചെയ്തതിനെ നമുക്കു ഓർപ്പിച്ചു പ്രാർത്ഥിക്കാം. " പകരുക " എന്ന വാക്ക് സമൃദ്ധിയെ കുറിക്കുന്നതാണ്.

അതെ, ദൈവത്തിന്റെ ഹൃദയത്തിന്റെ മഹിമ എത്ര വലിയത്! അനുതപിക്കുക, പ്രാർത്ഥിക്കുക, രക്ഷിക്കപ്പെടുക! അവിടുത്തെ പുത്രന്റെ കാൽവരി മരണത്താൽ നമുക്ക് രക്ഷയുടെ മാർഗ്ഗം ഒരുക്കി. വിശ്വസിക്കുകയും അനുതപിക്കുകയും ചെയ്യുന്ന ഏവർക്കും തന്റെ പരിശുദ്ധാത്മ ശക്തിയാൽ വീണ്ടും ജനനവും പാപമോചനവും കൊടുക്കുന്നു. നമ്മെത്തന്നെ താഴ്ത്തി, അവിടുത്തെ വിജയിക്കുന്ന ത്രിത്വത്തിന്റെ മഹത്വ പങ്കാളികളായിത്തീരാം. നമ്മുടെ ഈ ചുരുങ്ങിയ കാലത്തെ ജീവിതം, അവിടുത്തെ മഹത്വമുള്ള വേലയിൽ പങ്കാളികളാകുവാൻ നമ്മെ സഹായിക്കട്ടെ. ആയിരങ്ങൾ നിരാശരായി മരിക്കുന്നു. ദൈവമേ, പ്രാർത്ഥനയിൽ ഒരുക്കുവാൻ ഞങ്ങളെ അയക്കേണമേ!

❖